
Monthly Price Rs. 4/- 2008

# ബൈബിൾ ദൂതന്



# Bible Truth

# ഒരു മനുഷ്യനു ക്രിസ്തുവിന്റെ സഭക്കു പുറത്തു രക്ഷയുണ്ടോ?

## സഭ എന്നാൽ വിളിക്കപ്പെട്ടവർ (കൊലൊസ്യർ 1:13; പ്രവൃത്തികൾ 2:47)

## രക്ഷ എന്നാൽ “പാപമോചനം”

| | | | | | |
|---|---|---|---|---|---|
| ക്രിസ്തു<br>ഗലാ. 3:26-27<br>ദൈവം<br>അനുഗ്രഹി<br>ക്കുന്നു<br>എഫെ. 1:3 | ശരീരം<br>എഫെ 1:21-23<br>എഫെ. 1:13<br>1 കൊരി. 12:13<br>എഫെ. 5:23 | മുന്തിരിവള്ളി<br>യോഹ. 15<br>എഫെ. 2:10 | ഭവനം<br>1 തിമോ 3:15<br>അവകാശി<br>റോമ 8:17<br>ഗലാ 3:29 | പുതിയ<br>സൃഷ്ടി<br>2 കൊരി 5:17<br>പുതിയജനനം<br>യോഹ. 3:5<br>1 പത്രൊസ് 1:21 | നിരപ്പ്<br>ദൈവത്തോട്<br>എഫെ 2:13-16<br>പ്രവൃത്തി 2:47<br>ഏക ശരീരം<br>കൊലൊ. 1:18<br>രക്ഷയുണ്ട് |
| ലോകം<br>പാപങ്ങൾ<br>റോമ 6:23<br>വാഗ്ദാനങ്ങൾ<br>ഇല്ല<br>2 കൊരി. 1:20<br>രക്ഷയില്ല | തല ഇല്ല<br>ആത്മാവ് ഇല്ല<br>രക്തം ഇല്ല<br>മരിച്ചവർ...!<br>രക്ഷയില്ല | എല്ലാ തൈകളും<br>ആഹാരം<br>ഇല്ലാത്ത<br>ഭാവി<br>ഫലമില്ലാത്ത<br>എഫെ. 2:12<br>രക്ഷയില്ല | പാപത്തിന്റെ<br>ദാസന്മാർ<br>റോമ 6:16<br>രക്ഷയില്ല | ശത്രുക്കൾ<br>ദുഷ്<br>പ്രവർത്തി<br>ക്കാർ<br>കൊലൊസ്യർ 1:21<br>രക്ഷയില്ല | രക്തമില്ല<br>സ്നേഹമില്ല<br>വിശ്വാസമില്ല<br>ആഹാരം ഇല്ല<br>തലയില്ല<br>ക്രിസ്തു ഇല്ല<br>രക്ഷയില്ല |

# THE BIBLE TRUTH

Editors

P.K. VARGHESE　　　　J.C. CHOATE

000　　000　　000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 23　　October 2008　　No.7

## എഡിറ്റോറിയൽ

ക്രിസ്ത്യാനിത്വം ആരംഭിച്ചതു മുതൽ പ്രതികൂലങ്ങളും ഉപദ്രവങ്ങളും നേരിട്ടുകൊണ്ടാണിരിക്കുന്നതു. ഇന്നും അതു തുടരുന്നു. യെഹൂദന്മാരുടെ ഇടയിൽ പ്രവർത്തിച്ച യേശുവിനെ യെഹൂദന്മാർ നിന്ദിക്കയും ഉപദ്രവിക്കയും ക്രൂശിൽ തറെക്കുകയും ചെയ്തു, പിന്നീട് അവന്റെ ഉയിർത്തെഴുന്നേല്പിനുശേഷം അവന്റെ ദൗത്യം ഏറ്റെടുത്ത അവന്റെ ശിഷ്യന്മാരും ഉപദ്രവം സഹിക്കേണ്ടി വന്നു. സഭ ആരംഭിച്ചു അധിക നാൾ കഴിയുന്നതിനു മുൻപു യെരുശലേമിലെ സഭയ്ക്കു വലിയോരു ഉപദ്രവം നേരിട്ടു. വിശ്വാസികൾ വർദ്ധിച്ചു വന്നപ്പോഴായിരുന്നു അത്. അന്നു സഭയ്ക്കു കെട്ടിടങ്ങളോ കുരിശോ കണ്ണാടിക്കൂടോ ഒന്നുമില്ലായിരുന്നു. ആളുകളായിരുന്നു ഉപദ്രവത്തിനു വിധേയരായത്. ഒന്നാം നൂറ്റാണ്ടിൽ അപ്പൊസ്തലന്മാരുടെ കാലത്തിൽ ഉപദ്രവം ഉണ്ടായപ്പോൾ ആളുകൾ ചിതറി ഓടി. അവർ എവിടേക്കെല്ലാം ഓടിപ്പോയോ അവിടെയെല്ലാം വചനം പരന്നു. യെഹൂദന്മാർ ക്രിസ്ത്യാനികളെ പിന്തുടർന്നു വീടുകൾ തോറും കയറിയിറങ്ങി അവരെ അടിപ്പിക്കയും തടവിലാക്കുകയും വിചാരണ കഴിക്കുകയും കൊല്ലുകയും ചെയ്തിരുന്നു. പലരും രക്തസാക്ഷികളായി തീർന്നിട്ടുണ്ട്. ആദ്യത്തെ രക്തസാക്ഷി സ്തെഫാനൊസ് എന്നു പറയപ്പെടുന്നു. അവനെ കല്ലെറിഞ്ഞു കൊല്ലുകയായിരുന്നു. ക്രിസ്തുവിന്റെ അനുയായികൾ ക്രിസ്തുവിന്റെ നാമത്തിൽ ദൈവവചനം പ്രസംഗിച്ചതിനും വിശ്വാസത്തിൽ ഉറച്ചു നിന്നതിനു

മായിരുന്നു അവർ ഉപദ്രവിക്കപ്പെട്ടത്. അവർ വിശ്വസിച്ച കർത്താവിൽ ജീവിക്കയും, കർത്താവിനുവേണ്ടി അവർ മരിക്കുവാനും തയ്യാറായി. അതിനു അവർ ആരെയും കുറ്റപ്പെടുത്തുകയോ പഴിക്കുകയോ ചെയ്തില്ല.

ചരിത്രം പരിശോധിച്ചാൽ സഭയെ യെഹൂദന്മാർ ഉപദ്രവിച്ചതിനാൽ യെരുശലേമിനെ ദൈവം നശിപ്പിക്കയുണ്ടായി. യെഹൂദന്മാർ ലോകമെങ്ങും ചിതറി പോകുകയുണ്ടായി. അവനവൻ ചെയ്യുന്ന പ്രവൃത്തിക്കു തക്ക ഫലമുണ്ടാകുമെന്നു ദൈവം അവരെ ബോധ്യപ്പെടുത്തി. വീണ്ടും ക്രിസ്ത്യാനികളിലേക്കു ഉപദ്രവം കടന്നുവരുന്നുണ്ട്. അതു റോമാക്കാരിൽ നിന്നായിരുന്നു. റോമാ സാമ്രാജ്യം ലോകത്തെ അടക്കി വാണുകൊണ്ടിരുന്നപ്പോൾ യെഹൂദന്മാരെ പ്രീതിപ്പെടുത്തുവാൻ റോമാക്കാർ ക്രിസ്ത്യാനികളുടെ നേരെ തിരിഞ്ഞു. ക്രിസ്തുവിലുള്ള വിശ്വാസം ത്യജിക്കുവാനായി ചില രാജകീയ നിയമങ്ങൾ തന്നെ ഉണ്ടാക്കി. രാജനിയമം ലംഘിക്കുന്നവർക്കു പലവിധ ശിക്ഷകളും നടപ്പാക്കി. അതിൽ ചിലതു മൃഗീയമായ ശിക്ഷയായിരുന്നു. മാതാപിതാക്കളുടെ മുമ്പിൽ വെച്ചു മക്കളെയും മക്കളുടെ മുമ്പിൽ വെച്ചു മാതാപിതാക്കളെയും അറുത്തു കൊല്ലുകയായിരുന്നു. വിശ്വാസമാണോ അതോ ജീവൻ ആണോ വലുത് എന്ന ചോദ്യമാണ് അന്നു ക്രിസ്ത്യാനികൾ നേരിട്ടത്. അവർ തങ്ങളുടെ കർത്താവിനു വേണ്ടി മരിക്കുന്നതാണ് ലാഭം എന്നു കരുതി തങ്ങളുടെ ജീവൻ വലുതായി എണ്ണിയില്ല. അനേകർ തങ്ങളുടെ ശരീരം ജീവനോടെ ദൈവത്തിനു യാഗമായി അർപ്പിച്ചു. അങ്ങനെ മരിച്ചവരുടെ ആത്മാക്കൾ ദൈവത്തിന്റെ സന്നിധിയിൽ യാഗപീഠത്തിനു സമീപം ഉള്ളതായി യോഹന്നാനു ദൈവം കാണിച്ചു കൊടുത്തു. അതുകൊണ്ട് ദൈവവചനം പറയുന്നതു കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ. നീതിക്കുവേണ്ടി, സത്യത്തിനുവേണ്ടി, വിശ്വാസത്തിനുവേണ്ടി ദൈവമക്കൾ നില നില്ക്കുകയാണെങ്കിൽ ഉപദ്രവം ഉണ്ടാകും. അന്നത്തെ ക്രിസ്ത്യാനികൾ ഭൗതികമായ ഒന്നിലും ആശ്രയിക്കാതെയാണ് തങ്ങളുടെ ആത്മികജീവിതം നയിച്ചിരുന്നതു. അതുകൊണ്ട് അന്നത്തെ പീഡനങ്ങളിൽ ഭൗതിക നാശനഷ്ടങ്ങളേക്കാൾ വിലയുള്ള ജീവിതങ്ങളാണ് ആക്രമിക്കപ്പെട്ടത്.

ഇപ്പോൾ ഇന്ത്യയിൽ ഏതാനും സംസ്ഥാനങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അക്രമങ്ങൾ കെട്ടിടങ്ങളെയും സ്ഥാപനങ്ങളെയും

രൂപങ്ങളെയും നശിപ്പിച്ചിട്ടുണ്ട്. അനേകർ പ്രാണരക്ഷാർത്ഥം ഓടി അഭയകേന്ദ്രങ്ങളിലെത്തിയിട്ടുണ്ട്. മതപരിവർത്തനത്തിന്റെ പേരിലാണ് ആക്രമണം എന്നാണ് ചിലർ ഇതിനെ ന്യായീകരിക്കുന്നത്. ഏതു മതമാണ് മതപരിവർത്തനത്തെ അക്രമം കൊണ്ട് അടിച്ചമർത്തണം എന്നു പറയുന്നത്. പ്രതികരണവും പ്രതിഷേധവുമെല്ലാം ആകാം. പക്ഷെ തിന്മയാൽ നന്മയെ തടുക്കുവാൻ സാധ്യമല്ല. അന്യായത്താൽ ന്യായത്തെ മറച്ചു കളവാൻ സാധ്യമല്ല. അതാണ് ആളുകൾ തിരിച്ചറിയേണ്ടത്. ഇതിൽ രാഷ്ട്രീയ പാർട്ടികൾ ഒന്നും ചെയ്യുന്നില്ല, ഭരണത്തിലിരിക്കുന്നവർ ഒന്നും ചെയ്യുന്നില്ല എന്നു പറയുന്ന മതാദ്ധ്യക്ഷന്മാരുണ്ട്. വാസ്തവത്തിൽ ദൈവം അനുവദിക്കുന്നതുകൊണ്ടാണ് ഇത്തരം സംഭവങ്ങൾ നടക്കുന്നത്. ദൈവം അറിയാതെ നമ്മുടെ ജീവിതത്തിൽ ഒന്നും സംഭവിക്കുന്നില്ല എന്നു മനസ്സിലാക്കണം. ഒരു പരിധിവരെ പീഢനം ദൈവം അനുവദിക്കുന്നതിന്റെ ഉദ്ദേശം ദൈവവചനം എല്ലാ കാതുകളിലേക്കും എത്തിക്കേണ്ടതിനാണ്. വളരെ പെട്ടെന്നു ദൈവവചനം പരക്കുവാൻ അത്തരം ഉപദ്രവങ്ങൾ സഹായിക്കും. ക്രിസ്ത്യാനികൾ അനേക കഷ്ടങ്ങളിലൂടെയാണ് ദൈവരാജ്യത്തിൽ പ്രവേശിക്കുന്നത്. യേശുക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളിൽ നാം പങ്കുള്ളവരാകണം, എങ്കിലേ അതിനു ശേഷമുള്ള അനുഗ്രഹങ്ങൾ നമുക്കു പ്രാപിക്കയുള്ളൂ.

സത്യക്രിസ്ത്യാനികൾ ഉപദ്രവത്തെ ഭയപ്പെടേണ്ടതില്ല. അവർ സഹിക്കുകയാണ് വേണ്ടത്. മറ്റൊന്നു നാം രാഷ്ട്രീയമായിട്ടോ, പ്രതികാര മനോഭാവത്തോടെയോ അല്ല ഇതിനെ അതിജീവിക്കേണ്ടത്. പിന്നെയോ പ്രാർത്ഥനയോടെ നേരിടണം. തിന്മക്കു പകരം തിന്മ ചെയ്യാതെ തിന്മയെ നന്മ കൊണ്ട് നേരിടണം. യേശുക്രിസ്തുവിന്റെ ഭാവം ധരിക്കണം. പ്രതികാരം നമുക്കുള്ളതല്ല, അതു ദൈവത്തിനുള്ളതാണ്. സകല മനുഷ്യരും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും രക്ഷ പ്രാപിപ്പാനുമാണ് ദൈവം ആഗ്രഹിക്കുന്നത്. കർത്താവിന്റെ കല്പനകൾ അനുസരിച്ചു രക്ഷപ്രാപിക്കാത്തവർ നീട്ടിവെക്കാതെ എത്രയും വേഗം ക്രിസ്തുവിൽ വിശ്വസിച്ചു, പാപങ്ങളെ ഉപേക്ഷിച്ചു മാനസാന്തരപ്പെട്ടു യേശുവിനെ കർത്താവെന്നു ഏറ്റു പറഞ്ഞു പാപമോചനത്തിനായി സ്നാനമേല്ക്കുക.

★

# നാം കർത്തൃമേശ എടുക്കുന്നത് എന്തിന്

J.C. ചോട്ട്

യേശുവും അപ്പൊസ്തലന്മാരും പെസഹക്കു മുൻപു അത്താഴത്തിനു ഒരുമിച്ചിരുന്ന സന്ദർഭമാണ് കർത്തൃമേശയെ കുറിച്ചു ചിന്തിക്കുമ്പോൾ വരുന്നത്. പെസഹ (പുറപ്പാട് 12) ഒരു വാർഷിക പെരുന്നാളായിരുന്നു. അതു കട്ടിളപ്പടിമേൽ കുഞ്ഞാടിന്റെ രക്തം കണ്ടു മരണം അവരെ കടന്നു പോയതിനെ ഓർക്കേണ്ടതിനായിരുന്നു. അതു യെഹൂദന്മാരോടു കല്പിച്ചതായിരുന്നു. എന്നാൽ പുതിയ നിയമം വന്നതോടെ ക്രിസ്ത്യാനികൾ പുതിയ നിയമപ്രകാരം കർത്തൃമേശയാണ് ആചരിക്കേണ്ടത്.

ദൈവശ്വാസിയ വചനം പറയുന്നു, "അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പം എടുത്തു വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്കു കൊടുത്തു. വാങ്ങി ഭക്ഷിപ്പിൻ; ഇതു എന്റെ ശരീരം എന്നു പറഞ്ഞു. പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവർക്കു കൊടുത്തു. എല്ലാവരും ഇതിൽ നിന്നു കുടിപ്പിൻ. ഇതു അനേകർക്കു വേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തം. എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടുകൂടെ പുതുതായി കുടിക്കും നാൾ വരെ ഞാൻ മുന്തിരിവള്ളിയുടെ ഈ അനുഭവത്തിൽ നിന്നു ഇനി കുടിക്കയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു" (മത്തായി 26:26–30).

മർക്കൊസിന്റെ ലേഖനത്തിൽ നാം വായിക്കുന്നതു, "അവർ ഭക്ഷിക്കുമ്പോൾ അവൻ അപ്പം എടുത്തു വാഴ്ത്തി നുറുക്കി അവർക്കു കൊടുത്തു. വാങ്ങുവിൻ; ഇതു എന്റെ ശരീരം എന്നു പറഞ്ഞു പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവർക്കു കൊടുത്തു എല്ലാവരും ഇതിൽ നിന്നു കുടിച്ചു, ഇതു അനേകർക്കു വേണ്ടി ചൊരിയുന്നതായി നിയമത്തിനുള്ള എന്റെ രക്തം മുന്തിരിവള്ളിയുടെ അനുഭവം ദൈവരാജ്യത്തിൽ പുതുതായി അനുഭവിക്കും നാൾ വരെ ഞാൻ അതു ഇനി അനുഭവിക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു അവരോടു പറഞ്ഞു" (മർക്കൊസ് 14:22–25).

അവസാനം ലൂക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നു: "സമയം ആയപ്പോൾ അവൻ അപ്പൊസ്തലന്മാരുമായി ഭക്ഷണത്തിനു ഇരുന്നു. അവൻ അവരോടു ഞാൻ കഷ്ടം അനുഭവിക്കും മുമ്പേ ഈ പെസഹ നിങ്ങളോടുകൂടെ കഴിപ്പാൻ വാഞ്ഛയോടെ ആഗ്രഹിച്ചു. അതു ദൈവരാജ്യത്തിൽ നിവൃത്തിയാകുവോളം ഞാൻ ഇനി ഇതു കഴിക്കയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. പിന്നെ പാനപാത്രം എടുത്തു വാഴ്ത്തി, ഇതു വാങ്ങി പങ്കിട്ടുകൊൾവിൻ. ദൈവരാജ്യം വരുവോളം ഞാൻ മുന്തിരിവള്ളിയുടെ അനുഭവം ഇന്നുമുതൽ കുടിക്കയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. പിന്നെ അപ്പം എടുത്തു വാഴ്ത്തി അവർക്കു കൊടുത്തു. ഇതു നിങ്ങൾക്കുവേണ്ടി നല്കുന്ന എന്റെ ശരീരം. എന്റെ ഓർമ്മക്കായി ഇതു ചെയ്യുവിൻ എന്നു പറഞ്ഞു. അവ്വണ്ണം തന്നേ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും എടുത്തു ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചൊരിയുന്ന എന്റെ രക്തത്തിലെ പുതിയ നിയമം ആകുന്നു." (ലൂക്കൊസ് 22:14-19).

കർത്തൃമേശ സ്ഥാപിച്ചു നല്കുന്നതിനെ കുറിച്ചുള്ള ഈ മൂന്നു വിവരണങ്ങളിൽ നിന്നു നമുക്കു പല കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഒന്നാമതു പെസഹക്കുമുമ്പുള്ള അത്താഴത്തിൽ യേശു ഒരു ഓർമ്മപ്പെരുന്നാളായി അവർ തന്റെ വേർപാടിനുശേഷം ആചരിക്കേണ്ടതിനു പരിചയപ്പെടുത്തുകയായിരുന്നു. അവനേയും അവന്റെ ശരീരത്തിൽ ഏല്ക്കുന്ന കഷ്ടതയെയും ഓർക്കേണ്ടതിനു പ്രതിനിധാനം ചെയ്യുന്നതാണ് അപ്പം എന്ന് അവൻ പറഞ്ഞു. പാനപാത്രം, മുന്തിരിവള്ളിയുടെ അനുഭവം അവൻ പുതിയ നിയമത്തിനായി അനേകരുടെ പാപമോചനത്തിനായി ചിന്തുവാനിരിക്കുന്ന രക്തത്തിന്റെ ഓർമ്മക്കായിട്ടാണ് പങ്കിടുന്നതു എന്നും പറഞ്ഞു. അവിടെ പറയുന്ന അപ്പം അക്ഷരികമായ യേശുവിന്റെ ശരീരം ആയിരുന്നില്ല എന്നതു സ്പഷ്ടം. പാനപാത്രം അക്ഷരികമായി അവന്റെ രക്തവുമായിരുന്നില്ല. എന്നാൽ കർത്തൃമേശയിൽ പങ്കെടുക്കുന്നവർ യേശുവിന്റെ ശരീരത്തെയും രക്തത്തെയും അപ്പവും വീഞ്ഞും മുഖാന്തരം ഓർക്കുകയാണ് ചെയ്യുന്നത്. യേശുവിന്റെ മരണം മരണത്തെ തോല്പിക്കുന്ന ഒന്നായിരുന്നു. അവന്റെ ശരീരം യാഗമായി തീർന്നപ്പോൾ അതു പാപപരിഹാരത്തിനുള്ളതായി. അവന്റെ മരണശേഷം

പ്രാബല്യത്തിൽ വന്ന പുതിയ നിയമത്തിൻ കീഴിലുള്ള എല്ലാവരും അപ്രകാരം അവനെ സ്മരിക്കേണ്ടതാണ്. യേശുവും അപ്പൊസ്തലന്മാരും പഴയ നിയമത്തിൻ കീഴിൽ ജീവിച്ചപ്പോൾ അവർ പെസഹ ആചരിച്ചിരുന്നു. എന്നാൽ യേശുവിന്റെ മരണശേഷം അപ്പൊസ്തലന്മാർ കർത്തൃമേശയാണ് ആചരിച്ചത്. രണ്ടാമതു യേശു ശിഷ്യന്മാരോടു പറഞ്ഞു, ദൈവരാജ്യത്തിൽ അതു അവൻ അവരോടു കൂടെ കഴിക്കുന്നതുവരെ പിന്നീട് അതിൽ നിന്നു ഭക്ഷിക്കുകയോ പാനം ചെയ്യുകയോ ഇല്ലെന്നു തീർത്തു പറഞ്ഞു. അതിന്റെ അർത്ഥം അവനെ അധികം കഴിയുന്നതിനു മുൻപു ഒറ്റിക്കൊടുക്കയും, ക്രൂശിൽ തറെച്ചു കൊല്ലുകയും അങ്ങനെ അവന്റെ ശരീരം നുറുക്കപ്പെടുകയും രക്തം ചിന്തുകയും ചെയ്തു. പിന്നെ അവനെ അടക്കം ചെയ്യുകയും മൂന്നാം നാൾ ഉയിർത്തെഴുന്നേല്ക്കയും, നാല്പതു നാളോളം അവൻ അഞ്ഞൂറിലധികം പേർക്ക് പ്രത്യക്ഷനാകുകയും ചെയ്തു. അതിനുശേഷം അവൻ സ്വർഗ്ഗാരോഹണം ചെയ്തു പിതാവിന്റെ വലത്തു ഭാഗത്തിരിക്കയും ചെയ്യുന്നു. പിന്നെ ദൈവരാജ്യം എന്ന സഭ യെരൂശലേമിൽ സ്ഥാപിക്കയും, സഭ ലോകമെങ്ങും വ്യാപിക്കയും ചെയ്തു. അതു സ്ഥാപിക്കപ്പെട്ട ഉടനെ സംഭവിച്ചതു നാം വായിക്കുന്നു, "പിന്നെ, അവർ - അതായതു കർത്താവിന്റെ സഭയിലുള്ളവർ അഥവാ ക്രിസ്ത്യാനികൾ, അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു" (പ്രവൃത്തികൾ 2:42). ഇവിടെ പറഞ്ഞിരിക്കുന്ന അപ്പം കർത്തൃമേശയെ സൂചിപ്പിക്കുന്നു. എന്നാൽ ശിഷ്യന്മാർ അഥവാ ക്രിസ്ത്യാനികൾ കർത്തൃമേശ പങ്കിടുമ്പോൾ കർത്താവു അവരോടൊപ്പം ഉണ്ടാകും എന്നു വാഗ്ദാനം ചെയ്തിട്ടുണ്ട്. തീർച്ചയായും ശാരീരികമായി അവൻ അവരോടു കൂടെ ആയിരിക്കും എന്നല്ല പറഞ്ഞത്, പിന്നെയോ ആത്മാവിൽ അവൻ അവരോടൊപ്പം ഉണ്ടായിരിക്കും എന്നാണ് പറഞ്ഞത്. ഇന്നും ക്രിസ്ത്യാനികൾ കർത്തൃമേശ ആചരിക്കുമ്പോൾ അവരോടുകൂടെ കർത്താവും ഉണ്ടാകും.

രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ എവിടെ കൂടി വന്നാലും അവൻ അവരുടെ മദ്ധ്യേ ഉണ്ടായിരിക്കും എന്നു വാഗ്ദാനം ചെയ്തിട്ടുണ്ട് (മത്തായി 18:20). വീണ്ടും അവസാനത്തോളം അവൻ നമ്മോ

ട്ടുകൂടെ ഉണ്ടായിരിക്കും എന്നു അരുളിച്ചെയ്തിട്ടുണ്ട്. അതുകൊണ്ടു സഭ നിലവിൽ വന്നു, കർത്താവിന്റെ ജനം കർത്തൃമേശ പങ്കിട്ട് അനുഭവിക്കുമ്പോൾ അവനും അവരോടൊപ്പം അനുഭവിക്കും.

ഇനി നമുക്കു 1 കൊരിന്ത്യർ 11:23-29 വരെയുള്ള വേദഭാഗങ്ങളിലേക്കു തിരിയാം; അവിടെ അപ്പൊസ്തലനായ പൗലൊസ് പറയുന്നു, "ഞാൻ കർത്താവിൽ നിന്നു പ്രാപിക്കയും നിങ്ങൾക്കു ഏല്പിക്കയും ചെയ്തതു എന്തെന്നാൽ, കർത്താവായ യേശുവിനെ കാണിച്ചു കൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്തു സ്തോത്രം ചൊല്ലി നുറുക്കി, ഇതു നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരം; എന്റെ ഓർമ്മക്കായി ഇതു ചെയ്യുവിൻ എന്നു പറഞ്ഞു. അവ്വണ്ണം തന്നേ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും എടുത്ത് ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയ നിയമം ആകുന്നു. ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മക്കായി ചെയ്വിൻ എന്നു പറഞ്ഞു. അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു. അതുകൊണ്ടു അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കയോ ചെയ്യുന്നവർ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാരൻ ആകും. മനുഷ്യൻ തന്നെത്താൻ ശോധന കഴിച്ചിട്ടു വേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്നു കുടിക്കയും ചെയ്വാൻ."

മുൻപു പറഞ്ഞ കാര്യങ്ങളിൽ പ്രത്യേകമായി നാം ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ ഉണ്ട്. ഒന്ന്, പൗലൊസ് കർത്തൃമേശയെ സംബന്ധിച്ചു അവനു കർത്താവിൽ നിന്നു ലഭിച്ചതായ നിർദ്ദേശങ്ങൾ കൊരിന്ത്യാ സഭക്കു നല്കുകയാണ്. രണ്ട്, അവൻ അവരോടു പറഞ്ഞതു, അവർ ക്രിസ്തുവിന്റെ മരണത്തെ ഓർക്കേണ്ടതിനായിട്ടാണ് അവർ അപ്പത്തിൽ നിന്നു ഭക്ഷിക്കേണ്ടത്, ക്രിസ്തുവിന്റെ രക്തത്തിന്റെ ഓർമ്മക്കായിട്ടാണ് പാനപാത്രത്തിൽ നിന്നു പങ്കിടേണ്ടതും എന്നു അവരെ ഓർപ്പിച്ചു. കൂടാതെ ക്രിസ്തുവിന്റെ നിയമത്തെ അഥവാ പുതിയ നിയമത്തെ ഉറപ്പിക്കുന്നതാണ് അവന്റെ രക്തം. കർത്താവു വീണ്ടും വരുന്നതുവരെ അവന്റെ മരണത്തെ പ്രസ്താവിക്കേണ്ടതിന്റെ പ്രാധാന്യവും ഇതോടനുബന്ധിച്ചു പഠിപ്പിക്കുന്നു.

ണ്ട്. പൗലൊസ് ത്രോവാസിലെ ക്രിസ്ത്യാനികളുമായി അപ്പം നുറുക്കുവാൻ കൂടി വന്ന മാതൃക നാം പ്രവൃത്തികൾ 20:7 ൽ വായിക്കുന്നു. ആഴ്ചവട്ടത്തിൽ എത്ര ഒന്നാം നാൾ വരുന്നുണ്ട്? ആഴ്ചയിൽ ഒന്നു മാത്രം. അങ്ങനെയാണ് കർത്തൃമേശക്കായി ക്രിസ്ത്യാനികൾ കൂടി വന്നിരുന്നത്. അങ്ങനെ തന്നെ ക്രിസ്ത്യാനികൾ ഇന്നു ചെയ്യേണം. വ്യാഴാഴ്ചയോ, മാസത്തിൽ ഒരിക്കലോ, മൂന്നു മാസത്തിൽ ഒരിക്കലോ അപ്പം നുറുക്കുവാനുള്ള അധികാരം നമുക്കില്ല. മറിച്ചു, നമ്മോടു പറഞ്ഞിരിക്കുന്നതു ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ അപ്പം നുറുക്കുവാൻ കൂടി വന്നതു ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിലാണ്. ആഴ്ചയിൽ ഒന്നാം നാൾ ഒന്നു മാത്രമാകയാൽ, ക്രിസ്തുവിനെ ഓർക്കേണ്ടതിനു കർത്തൃമേശ നാം ആചരിക്കേണ്ടത് ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിലാണ്. അവരുടെ മാതൃക പിൻപറ്റുന്ന നാം അങ്ങനെ തന്നെ ചെയ്യണം.

നാല്, തുടർച്ചയായി, കർത്തൃമേശയിൽ നിന്നു നാം പങ്കിടുമ്പോൾ, നാം ക്രൂശിലേക്കും അവിടെ ക്രിസ്തു അനുഭവിച്ച യാഗത്തെയും തുടർന്നു ലഭിക്കുന്ന നിത്യജീവൻ എന്ന പ്രത്യാശയേയും നാം ഓർക്കുന്നു. നാം അപ്പം നുറുക്കുമ്പോൾ, നാം ക്രിസ്തുവിൽ തുടർച്ചയായി വിശ്വസിക്കയും അവൻ വീണ്ടും വരുമെന്നു വിരൽ ചൂണ്ടുകയും ചെയ്യുന്നു. അഞ്ചു, നാം അയോഗ്യമായി കർത്തൃമേശ എടുത്താൽ നാം ക്രിസ്തുവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാർ ആകും. ബലഹീനരും രോഗികളും ആകും. വേറൊരർത്ഥത്തിൽ പറഞ്ഞാൽ, നാം അയോഗ്യമായി അപ്പം തിന്നുകയോ പാനപാത്രത്തിൽ നിന്നു കുടിക്കുകയോ ചെയ്താൽ നാം തിന്നുകയും കുടിക്കുകയും ചെയ്യുന്നതു ശിക്ഷക്കായി തീരും. കർത്തൃമേശ നമുക്കു എന്തെങ്കിലും ആകണമെങ്കിൽ നാം അതിനെ വിലയുള്ളതായി കണക്കാക്കണം. അവസാനം, ആറ്, നാം അതിൽ നിന്നു പങ്കിടുന്നതിനു മുൻപു തന്നെത്താൻ ശോധന കഴിക്കണം. അതായതു നമ്മുടെ ഹൃദയവും ജീവിതവും ദൈവ ദൃഷ്ടിയിൽ നേരായിരിക്കണം എന്നർത്ഥം. നാം കഴിവതും ഏറ്റവും നല്ല രീതിയിൽ ജീവിച്ചു കർത്താവിനോടു നാം വിശ്വസ്തരായി വേണം പങ്കിടുവാൻ. നാം കർത്തൃമേശ എടുക്കുന്നതിനു മുൻപു നാം നമ്മെത്തന്നെ പരിശോധിക്കണം. അതായതു ദൈവമുൻപാകെ നമ്മുടെ

ഹൃദയം വിശ്വസ്തമാണോ അല്ലയോ എന്നു ഓരോരുത്തർക്കും അറിയാമല്ലോ. അങ്ങനെ അല്ല എങ്കിൽ നാം മാനസാന്തരപ്പെടണം. പാപക്ഷമാപണം ലഭിച്ചിട്ടുവേണം നാം ആഴ്ച്ചതോറും കർത്തൃമേശയിൽ നിന്നു പങ്കെടുക്കുവാൻ. ഇല്ലെങ്കിൽ നാം ദൈവത്താൽ ശിക്ഷിക്കപ്പെടും.

✶

# വീട്ടിലേക്കു തിരിച്ചു വരിക

## ജോൺ വില്യംസ്

ലൂക്കൊസ് 15-ാം അദ്ധ്യായം ഇപ്പോൾ വായിച്ച് കഴിഞ്ഞതേയുള്ളൂ. പല പ്രാവശ്യം ഈ ഭാഗം ഞാൻ വായിച്ചിട്ടുണ്ട്. എന്നാൽ ഒരിക്കൽ കൂടെ അതിൽ അടങ്ങിയിരിക്കുന്ന നഷ്ടപ്പെടുന്നവരോടുള്ള സ്നേഹം പ്രദർശിപ്പിക്കുന്ന ലളിതമായ പ്രസ്താവന എന്നെ വല്ലാതെ ചിന്തിപ്പിക്കയുണ്ടായി. ആ അദ്ധ്യായം വായിച്ച് കഴിഞ്ഞപ്പോൾ അതിലെ നാലു വാക്യങ്ങൾ എന്റെ മനസ്സിൽ പൊങ്ങിവന്നു. അതു നിങ്ങളുമായി പങ്കുവെക്കാൻ ഞാൻ ആഗ്രഹിക്കുന്നു. തിരുവെഴുത്തിലെ എല്ലാ ഭാഗങ്ങളും നമുക്കു പ്രയോജനപ്പെടുന്നവയാണ്. എന്നാൽ ഈ വാക്യങ്ങൾ നമുക്ക് പ്രത്യേകമായി ചില പാഠങ്ങൾ നല്കുന്നു.

വാക്യം 11 – ഒരു മനുഷ്യനു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. 16-ാം അദ്ധ്യായത്തിൽ ഒരു സംഭവം വിവരിക്കുമ്പോൾ അവരുടെ പേരുകൾ പറയുന്നുണ്ട്. എന്നാൽ 15-ാം അദ്ധ്യായത്തിൽ അവരുടെ പേരുകൾ പറയുന്നില്ല. എന്തു കൊണ്ടായിരിക്കണം ഒരു മനുഷ്യന്നു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു എന്നു മാത്രം ലൂക്കൊസ് പറഞ്ഞത്? വെറും ഒരു മനുഷ്യനെയല്ല ഇവിടെ നാം കാണുന്നത്. ക്ഷമിക്കുവാൻ മനസു കാണിക്കുന്ന നല്ലവനായ ഒരു പിതാവിന്റെ ചിത്രമാണ് വരച്ച് നമ്മെ കാണിക്കുന്നത്. ഇത്തരം മഹനീയമായ സന്ദർഭങ്ങളിൽ അവരുടെ പേരുകൾക്കല്ല പ്രാധാന്യം പിന്നെയോ അവരുടെ പ്രവൃത്തികൾക്കാണ്. ഇളയ മകൻ മത്സരിച്ച്, മറുത്ത് ഭയങ്കരമായ ജീവിതം നയിക്കാൻ തുടങ്ങി. അവസാനം പിതാവിന്റെ അടുക്കൽ

മടങ്ങി വന്നപ്പോൾ പിതാവിന്റെ കരൾ അലിഞ്ഞു അവനെ സ്വീകരിക്കാൻ തയ്യാറായി. ക്ഷമാപണം സകലതും നഷ്ടപ്പെടുത്തിയ ഒരാൾക്ക് എത്ര വിലപ്പെട്ടതാണ് എന്നു ഇവിടെ തെളിയുന്നു.

വാക്യം 13 – ഏറെ നാൾ കഴിയും മുമ്പെ ഇളയ മകൻ സകലവും സ്വരൂപിച്ച് ദൂരദേശത്തേക്കു യാത്രയായി. അവിടെ ദുർനടപ്പുകാരനായി ജീവിച്ച് വസ്തു നാനാവിധമാക്കി കളഞ്ഞു. വളരെ മോശമായ ജീവിതം നയിക്കുന്ന വ്യക്തിയെയാണ് അവനിൽ നാം കാണുന്നത്. മൂത്ത മകൻ അവന്റെ ഇളയ സഹോദരന്റെ ജീവിതത്തെ കുറിച്ച് പറയുന്നത്: "വേശ്യമാരോടുകൂടി നിന്റെ മുതൽതിന്നു കളഞ്ഞ മകൻ എന്നത്രെ" (15:30). മൂത്ത മകൻ തന്നെത്തന്നെ ഉയർത്തി കാണിക്കാൻ ആഗ്രഹിക്കുന്നു. അവന്റെ സഹോദരനെ കാണാൻ അവനു കഴിവില്ല. മറ്റുള്ളവരേക്കാൾ നാം നന്നായി കാണുവാൻ ആഗ്രഹിക്കുന്നു. എങ്കിലും അവരുടേയും നന്മ എന്തുകൊണ്ട് ആഗ്രഹിച്ചു കൂടാ. അതിനു ക്ഷമിക്കുവാനുള്ള കഴിവ് ഉണ്ടാകണം. സമൂഹ ദൃഷ്ടിയിൽ നല്ല ജീവിതം നയിക്കുന്നവർ പലരുമുണ്ട്. പാപത്തിന്റെ ചെളിക്കുഴിയിൽ അപമാനിതരായി ജീവിക്കുന്നവരുമുണ്ട്. ഈ രണ്ടു കൂട്ടരും ക്രിസ്തുവിനെ അനുസരിക്കുന്നില്ലെങ്കിൽ അവർ നഷ്ടപ്പെട്ടവർ തന്നെയാണ്. ഇളയ മകന്റെ ഉള്ളിലുള്ള പാപ വഴി നീങ്ങിയപ്പോൾ അവൻ മടങ്ങി വന്നു. അവൻ വീട്ടിൽ പ്രവേശിച്ചു. എന്നാൽ മൂത്തമകൻ അതുവരെ വീട്ടിൽ കഴിഞ്ഞിരുന്നവനാണ്. പക്ഷെ സഹോദരന്റെ വരവ് അവനെ കോപിപ്പിച്ചു. യേശുക്രിസ്തുവിലുള്ള വിശ്വാസത്തോടെ കർത്താവിന്റെ സഭയിലേക്കു പ്രവേശിക്കുവാൻ ഒരു പാപി തയ്യാറായാൽ ദൈവം അവനോടു ക്ഷമിക്കും. അവന്റെ പാപങ്ങൾ, പിതാവ് മോചിച്ചു കൊടുക്കും.

വാക്യം 18 – "ഞാൻ എഴുന്നേറ്റു അപ്പന്റെ അടുക്കൽ ചെന്നു അപ്പനോടു: അപ്പാ ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു." ഈ യുവാവ് തന്റെ പാപസംബന്ധമായ ജീവിതം എവിടെ കൊണ്ടെത്തിച്ചു എന്നു മനസ്സിലാക്കിയപ്പോൾ, അവൻ വീട്ടിലേക്കു തിരിച്ചു പോകുവാൻ തീരുമാനിച്ചു. മാത്രമല്ല, ഭൂമിയിലുള്ള അവന്റെ പിതാവിനോടും സ്വർഗ്ഗത്തിലുള്ള ദൈവത്തോടും ക്ഷമാപണം യാചിക്കും എന്ന് അവൻ ഉറപ്പിച്ചു. ഭൗമിക പിതാവിന്നും സർവ്വശക്തനായ ദൈവത്തിന്നും അവന്റെ പാപം ലജ്ജ ഉണ്ടാക്കി

തീർത്തു. സഭയിലുള്ള ആളുകൾ പരസ്യമായി പാപം ചെയ്യുമ്പോൾ സഭയ്ക്കും ക്രിസ്തുവിനും അതു അപമാനകരമായി മാറുന്നില്ലേ? ഒരാൾ സഭ വിട്ടുപോയി സഭക്കും ക്രിസ്തുവിനും അപമാനം വരുത്തിയശേഷം മാനസാന്തരപ്പെട്ടു തിരിച്ചുവരാൻ ആഗ്രഹിച്ചാൽ അവൻ വന്ന് സഭയോടും ദൈവത്തോടും പരസ്യമായി ക്ഷമായാചനം ചെയ്യണം. തിരുവെഴുത്തു പറയുന്നത്: എന്നാൽ നിങ്ങൾക്കു രോഗശാന്തി വരേണ്ടതിന്നു തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞ് ഒരുവന്നുവേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ; നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു" (യാക്കൊബ് 5:16).

നാലാമതായി വാക്യം 24 – "എന്റെ മകൻ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചു; കാണാതെ പോയിരുന്നു; കണ്ടു കിട്ടിയിരിക്കുന്നു എന്നു പറഞ്ഞു. ഇളയ മകന്റെ മുൻപിലത്തെ അവസ്ഥയും ഇപ്പോഴത്തെ അവസ്ഥയും വിശദമാക്കുന്നു. പിതാവിന്നു അവൻ നഷ്ടപ്പെട്ടവനായിരുന്നു. അവൻ എവിടെ എന്നുപോലും പിതാവിന്നു അറിഞ്ഞുകൂടായിരുന്നു. അവൻ മരിച്ചു കാണുമായിരിക്കും എന്നു കരുതിയിരുന്നു. എങ്കിലും ഇപ്പോൾ അവനെ കുറിച്ചു പറയുന്നത്: നഷ്ടപ്പെട്ടവനെ കണ്ടെത്തിയിരിക്കുന്നു; മരിച്ചവനെ ജീവനോടെ കിട്ടിയിരിക്കുന്നു. അവൻ എവിടെ ഭക്ഷണം കഴിച്ച് ഉറങ്ങണമോ അവിടേക്കു അവൻ മടങ്ങിവന്നിരിക്കുന്നു. അവന്റെ വീട്ടിലെ സന്തോഷവും ഭദ്രതയും ഒരിക്കൽ കൂടെ അനുഭവിക്കാൻ അവനു അവസരം ലഭിച്ചു.

എന്തെങ്കിലും കാരണം കൊണ്ടു സഭ വിട്ടുപോയ വ്യക്തിയാണോ നിങ്ങൾ? പ്രിയ സഹോദരാ, സഹോദരി, ദയവുചെയ്തു സഭയിലേക്കു മടങ്ങിവരിക. കാരണം ക്രിസ്തുവിന്റെ സഭയ്ക്ക് പുറത്തു രക്ഷയില്ല, സുരക്ഷിതത്വമില്ല; ആത്മീയ സന്തോഷം ഇല്ല. നിങ്ങളുടെ ആത്മാവ് നഷ്ടപ്പെട്ട അവസ്ഥയിലാണ്. മാനസാന്തരപ്പെടുക, തീരുമാനം എടുക്കുക. ദൈവത്തിന്റെ ഭവനത്തിൽ തിരിച്ചെത്തി പരസ്യമായി തെറ്റ് ഏറ്റു പറയുക. ദൈവത്തോട് അപേക്ഷിക്കയും ചെയ്യുക. നിങ്ങളെ സ്നേഹിക്കുന്ന ദൈവം നിങ്ങളെ കാത്തിരിക്കയാണ്. നിങ്ങളെ സ്നേഹിക്കുന്ന നിങ്ങളുടെ സഹോദരങ്ങൾ നിങ്ങളെ കാത്തിരിക്കയാണ്. സ്വർഗ്ഗത്തിൽ സന്തോഷമുണ്ടാകുന്ന സന്ദർഭമാണ് നിങ്ങളുടെ തിരിച്ചുവരവ്. ഞങ്ങൾ നിങ്ങൾക്കുവേണ്ടി

പ്രാർത്ഥിക്കുന്നുണ്ട്. ശരിയായ തീരുമാനം എടുക്കേണ്ടതു നിങ്ങളാണ്.

നിങ്ങൾ പാപത്തിലും ലോകത്തിലും ആയി ജീവിക്കുന്ന വ്യക്തിയാണോ? അതായത് സ്വന്തം ഹൃദയ വിചാരങ്ങൾ പ്രകാരം ജീവിച്ചുകൊണ്ടിരിക്കയാണോ? ഒരുപക്ഷെ നിങ്ങൾ മതവിശ്വാസിയാകാം. അല്ലെങ്കിൽ അവിശ്വാസിയാകാം. അതുമല്ലെങ്കിൽ സമുദായങ്ങളിൽ വിശ്വസിക്കുന്ന ആളാകാം. അതെന്തായാലും ശരി നിങ്ങൾ നഷ്ടപ്പെട്ടവരാണ്. കാരണം നിങ്ങൾ ദൈവ ഭവനമാകുന്ന കർത്താവിന്റെ സഭയിൽ പ്രവേശിച്ചിട്ടില്ല. നാമധേയ വിഭാഗങ്ങൾ ക്രിസ്തുവിന്റെ ഭവനമാണെന്ന് തെറ്റിദ്ധരിക്കുന്നവർ ഉണ്ട്. പ്രിയ സ്നേഹിതാ, കർത്താവിന്നു ഒരു ഭവനം മാത്രമാണ് ഉള്ളത്. അതുകൊണ്ട് നിങ്ങൾ ആ ഭവനത്തിലേക്കു വരണം. അവിടെയാണ് നമ്മുടെ പിതാവ് ഉള്ളത്. അവിടെയാണ് നമ്മുടെ കർത്താവ് ഉള്ളത്.

## മാറാത്ത ദൈവാലോചന

### ദില്ലാർഡ് തർമാൻ

അതുകൊണ്ട് ദൈവം വാഗ്ദത്തത്തിന്റെ അവകാശികൾക്കു തന്റെ ആലോചന മാറാത്തതു എന്നു അധികം സ്പഷ്ടമായി കാണിപ്പാൻ ഇച്ഛിച്ചു ഒരു ആണയാലും ഉറപ്പു കൊടുത്തു (എബ്രായർ 6:13-18). ദൈവത്തിനു ഭോഷ്ക് പറയാൻ സാദ്ധ്യമല്ലല്ലോ. സംശയരഹിതമായ ഒന്നാണല്ലോ വിശ്വാസം. സംശയിക്കുന്ന മനുഷ്യൻ കർത്താവിൽനിന്നു വല്ലതും ലഭിക്കും എന്നു നിരൂപിക്കരുതു (യാക്കോബ് 1:17). ദൈവം പ്രവർത്തിക്കുന്നതു ഒക്കെയും ശാശ്വതം എന്നു ഞാൻ അറിയുന്നു; അതിനോടു ഒന്നും കൂട്ടുവാനും അതിൽ നിന്നു ഒന്നും കുറെപ്പാനും കഴിയുന്നതല്ല.

### വാഗ്ദാനം ആണയാൽ ഉറപ്പിക്കുന്നു

അബ്രഹാമിനു ദൈവം വാഗ്ദാനം ചെയ്തശേഷം വീണ്ടും അതു പ്രാബല്യത്തിലാക്കുമെന്നു പറയുന്നു. 'നീ ഈ കാര്യം ചെയ്തു,

നിന്റെ ഏകജാതനായ മകനെ തരുവാൻ മടിക്കായ്കകൊണ്ടു ഞാൻ നിന്നെ ഐശ്വര്യമായി അനുഗ്രഹിക്കും; നിന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങൾപോലെയും കടല്ക്കരയിലെ മണൽ പോലെയും അത്യന്തം വർദ്ധിപ്പിക്കും; നിന്റെ സന്തതി ശത്രുക്കളുടെ പട്ടണങ്ങളെ കൈവശമാക്കും (ഉല്പത്തി 22:16-18). ഇതേ വാഗ്ദാനം അവർ ഇസഹാക്കിനു ആവർത്തിച്ചു കൊടുക്കുന്നുണ്ട് (ഉല്പത്തി 26:4). അതും അബ്രഹാമിനു നല്കിയ വാഗ്ദാനം എന്ന പേരിൽ അറിയപ്പെടുന്നു. അബ്രഹാമിന്റെ വിശ്വാസമാണ് ഇതിനു കാരണമായി തീർന്നതു. ദൈവം അവനു വാഗ്ദാനം ചെയ്ത ദേശത്തേക്കു യാത്രയാവാൻ വിളിക്കപ്പെട്ടാറെ അനുസരിച്ചു എവിടേക്കു പോകുന്നു എന്നറിയാതെ പുറപ്പെട്ടു. വിശ്വാസത്താൽ അവൻ ഒരു അന്യദേശത്ത് എന്നപോലെ ചെന്നു വാഗ്ദത്തത്തിനു അവകാശിയാകേണ്ടതിനു അവിടെ പാർത്തു (എബ്രായർ 11:8). ദൈവം പറഞ്ഞു, അബ്രഹാം അതു വിശ്വസിച്ചു. ദൈവ വാഗ്ദാനം അവൻ പാലിക്കുമെന്നു അബ്രഹാമിനു ഉറപ്പുണ്ടായിരുന്നു. അബ്രഹാം ദൈവത്തെ വിശ്വസിക്കയും അതു അവനു നീതിക്കായി കണക്കിടുകയും ചെയ്തു എന്നുള്ള തിരുവെഴുത്ത് നിവൃത്തിയായി അവൻ ദൈവത്തിന്റെ സ്നേഹിതൻ എന്നു പേർ പ്രാപിച്ചു (യാക്കൊബ് 2:23).

## വാഗ്ദാനം യേശുക്രിസ്തുവിൽ കേന്ദ്രീകരിച്ചിരിക്കുന്നു

ഇസ്രായേലിനു വളരെ പ്രാധാന്യമുള്ള ഒന്നായിരുന്നു ദൈവ വാഗ്ദാനം. എങ്കിലും മോശെയുടെ ന്യായപ്രമാണ കാലഘട്ടത്തിൽ സംഭവിക്കേണ്ടതായിരുന്നില്ല. ലോകാവകാശിയാകും എന്നുള്ള വാഗ്ദാനം അബ്രഹാമിനോ അവന്റെ വംശത്തിനോ ന്യായപ്രമാണത്താലല്ല വിശ്വാസത്തിന്റെ നീതിയാലല്ലോ ലഭിച്ചതു. എന്നാൽ ന്യായപ്രമാണമുള്ളവർ അവകാശികൾ എങ്കിൽ വിശ്വാസം വ്യർത്ഥവും വാഗ്ദാനം ദുർബ്ബലവും ആകുന്നു (റോമർ 4:13-14). അവകാശം ന്യായപ്രമാണത്താൽ എങ്കിൽ വാഗ്ദത്തത്താലല്ല വരുന്നതു. അബ്രഹാമിനോ ദൈവം അതിനെ വാഗ്ദത്തം മൂലം നൽകി (ഗലാത്യർ 3:17-18). സീനായ് പർവ്വതത്തിൽ വെച്ച് മോശെ മുഖാന്തരം ന്യായപ്രമാണം

നല്കുന്നതിനു നാന്നൂറ്റിമുപ്പതു സംവത്സരം മുൻപ് ദൈവം നല്കിയ നിയമത്തെ ദൈവം ഒരിക്കലും ദുർബ്ബലമാക്കുന്നില്ല. ദൈവം നല്കിയ വാഗ്ദാനത്തിന്റെ ആണയും ഉറപ്പും ജാതികൾക്കു പ്രത്യാശ നല്കുന്നു. അബ്രഹാമിന്റെ വിശ്വാസമുള്ള എല്ലാവർക്കും ലഭ്യമാകേണ്ട രീതിയിൽ ഒരുക്കിയിരിക്കയാണ് ദൈവീക വാഗ്ദാനം. യേശുക്രിസ്തുവിലുള്ള വിശ്വാസം മൂലം സകല ജാതികൾക്കും ദൈവമക്കൾ ആകുവാനും അവകാശം പ്രാപിപ്പാനും ഇടയാകും.

## വാഗ്ദാനത്തിൽ ഉള്ള അനുഗ്രഹങ്ങൾ

ദൈവ വാഗ്ദാനങ്ങൾ ആണയിൽ ഉറപ്പിച്ച് സ്ഥിരപ്പെടുത്തിയിരിക്കയാൽ അനുഗ്രഹങ്ങൾ എവിടെയാണു ലഭിക്കുക എന്നു നാം വായിച്ച് മനസ്സിലാക്കേണ്ടിയിരിക്കുന്നു. ദൈവത്തിന്റെ വാഗ്ദാനങ്ങൾ എത്ര ഉണ്ടെങ്കിലും അവനിൽ ഉവ്വ് എന്നത്രെ. അതുകൊണ്ടു ഞങ്ങളാൽ ദൈവത്തിനു മഹത്വം ഉണ്ടാകുമാറു അവനിൽ ആമേൻ എന്നും തന്നെ (2 കൊരിന്ത്യർ 1:20). രക്ഷയുടെ വാഗ്ദാനങ്ങൾ എല്ലാം ക്രിസ്തുവിൽ മാത്രം, ക്രിസ്തുവിനു പുറത്തു യാതൊരു വാഗ്ദാനവും ഇല്ല. ആകയാൽ വാഗ്ദാനം ചെയ്ത അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ ഒരാൾ ക്രിസ്തുവിൽ ആയിത്തീരണം. എഫെസ്യർക്കു ലേഖനമെഴുതുമ്പോൾ വചനമനുസരിച്ചവരെ ഉത്തേജിപ്പിച്ചു പറയുന്നു. സ്വർഗ്ഗത്തിലെ സകല ആത്മീക അനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ (എഫെസ്യർ 1:3). രക്ഷ ക്രിസ്തുവിൽ മാത്രമായിരിക്കകൊണ്ടു രക്ഷിക്കപ്പെടുവാൻ നാം ക്രിസ്തുവിന്റെ ആജ്ഞയാണ് അനുസരിക്കേണ്ടതു. വിശ്വാസവും അനുസരണവും അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ കൂടിയേ തീരൂ. ഇതു സകല മനുഷ്യർക്കുമായി സ്ഥിരമായി നിശ്ചയിച്ചിരിക്കുന്ന നിയമമാണ്. ഇതു അനുസരിക്കാതെ മറ്റു മാർഗ്ഗമില്ല എന്നു എല്ലാവരും തിരിച്ചറിയണം.

സ്ത്രീകൾക്കു വേണ്ടി

# തീരുമാനം

**ബെറ്റി. ബി.സി.**

ജീവിതത്തിൽ നാം പലപ്പോഴും തീരുമാനങ്ങൾ എടുക്കുന്നവരാണ്. എടുക്കുന്ന തീരുമാനങ്ങൾ ഏതു തന്നെയായാലും നാം അവയിൽ ഉറച്ചു നില്ക്കുന്നവരാണോ? ഉത്തരവാദിത്വം നമ്മിൽ തന്നെയാണ്. ഭൗതികവും ആത്മികവുമായ കാര്യങ്ങളിൽ എല്ലാം ഇതു വാസ്തവമാണ്. എടുക്കുന്ന തീരുമാനമനുസരിച്ചു പ്രവർത്തിക്കുന്നു. അതിന്റെ ഫലം ഗുണമായാലും ദോഷമായാലും നാം അനുഭവിക്കുന്നു. ഈ സമയത്തു പഴയ നിയമ പ്രവാചകന്റെ കാലയളവിൽ ഒരു ഉറച്ച തീരുമാനം എടുക്കുന്നുണ്ട്. നമുക്കതു വായിക്കാം. "യഹോവയെ സേവിക്കുന്നതു നന്നല്ലെന്നു നിങ്ങൾക്കു തോന്നുന്നുവെങ്കിൽ നദിക്കക്കരെ വെച്ചു നിങ്ങളുടെ പിതാക്കന്മാർ സേവിച്ച ദേവന്മാരെയോ നിങ്ങൾ പാർത്തു വരുന്ന ദേശത്തിലെ അമോര്യരുടെ ദേവന്മാരെയോ ആരെ സേവിക്കും എന്നു ഇന്നു തിരഞ്ഞെടുത്തുകൊൾവിൻ. ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും." (യോശുവ 24:15).

ഞായറാഴ്ച്ച അതികാലത്ത് മേരി വീട്ടിലുള്ളവർക്ക് കഴിക്കാൻ പ്രാതൽ ഭക്ഷണം തയ്യാറാക്കികൊണ്ടിരിക്കുകയായിരുന്നു. പീറ്റർ, കുട്ടികളെ വിളിച്ചുണർത്തുന്നതു അവൾ കേട്ടു. നോക്കു നിങ്ങളുടെ അമ്മ നിങ്ങൾക്കു ഭക്ഷണം ഉണ്ടാക്കി കഴിയാറായി. എല്ലാവരും തയ്യാറാകൂ. എല്ലാവരും ഉണർന്നു പ്രഭാത കൃത്യങ്ങൾ എല്ലാം നിർവ്വഹിച്ചു ഒരുമിച്ച് ഭക്ഷണത്തിനായി മേശക്കു ചുറ്റും ഇരുന്നു. ആഹാരം തന്ന ദൈവത്തിനു നന്ദി പറയുവാൻ പപ്പ, ആന്റണിയോടു പറഞ്ഞു. പ്രാർത്ഥനക്കുശേഷം അവർ എല്ലാവരും ഭക്ഷിപ്പാൻ തുടങ്ങി. അതിനിടെ പപ്പാ ആന്റണിയോടു: മോനേ നീ ഇന്നലെ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു? അവ മറ്റു ദിവസങ്ങളിൽ എടുക്കുന്ന തീരുമാനങ്ങളേക്കാൾ വിലപ്പെട്ടതായിരുന്നോ എന്നു ചോദിച്ചു. അവൻ ഓർമ്മിച്ചു നോക്കിയിട്ടു പറഞ്ഞു: പ്രധാനപ്പെട്ട ഒരു തീരുമാ

നമേ ഞാൻ ഇന്നലെ എടുത്തുള്ളൂ. അതു ക്രിസ്ത്യാനിയായി തീരും എന്നായിരുന്നു എന്നു പറഞ്ഞു.

മകനെ സ്നേഹപൂർവ്വം തലോടിക്കൊണ്ട് അപ്പൻ അവനോട്: നീ പറഞ്ഞത് സത്യമാണ്. നീ എടുത്ത തീരുമാനം സുപ്രധാനമാണ്. നോക്കൂ ഇന്നു കർത്തൃദിവസമാണ്. ദൈവത്തെ ആരാധിക്കേണ്ട ദിവസമാണ്. സുവിശേഷം അനുസരിക്കാൻ തീരുമാനം എടുത്ത നീ എല്ലാ ആഴ്ച്ചയിലും ദൈവത്തെ അവന്റെ ഇഷ്ടപ്രകാരം ആരാധിക്കണം. ദൈവത്തെ ഒരിക്കൽ മാത്രമല്ല എല്ലായ്പ്പോഴും അനുസരിക്കണം. ഞായറാഴ്ച്ച രാവിലെ നേരത്തെ ഉണരുവാനും തയ്യാറായി ആരാധനയിൽ തുല്യമായി പങ്കെടുക്കുവാനും നിനക്കു ബാദ്ധ്യതയുണ്ട്. അതല്ലാതെ വൈകി കിടന്നു, വൈകി ഉണർന്നു വീട്ടിലിരുന്നു ടി.വി. കാണുകയോ, ക്രിക്കറ്റു കളിക്കുകയോ ചെയ്യാൻ ഒരുങ്ങരുത്. അതുമല്ലെങ്കിൽ പരീക്ഷക്കു ഒരുപാട് പഠിക്കാനുണ്ട് എന്ന കാരണത്താലോ മറ്റു ഒഴിവുകഴിവുകൾ കാരണമായോ ആരാധന മുടക്കരുത്. രോഗം വന്നു തീരെ കിടപ്പിലാകുന്ന അവസരം ഒഴിച്ച് സഭായോഗം ഒരിക്കലും മുടക്കരുത്. നീ എടുത്ത തീരുമാനം നിന്റെ ആയുഷ്ക്കാലം ഒക്കെയും നീ മുറുകെ പിടിക്കണം.

അവന്റെ അമ്മ അവൻ എടുത്ത മറ്റൊരു തീരുമാനത്തെ ഓർമ്മിപ്പിച്ചു. ആഴ്ച്ചയിൽ നീ ശേഖരിച്ചു വച്ച പണത്തിന്റെ ഒരംശം ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാളിൽ ധർമ്മ ശേഖര സമയത്തു നല്കുവാൻ മറക്കരുത്. അതു സഭയുടെ ഓരോ പ്രവർത്തനങ്ങൾക്കും സഹായകരമാവും. സുവിശേഷ പ്രവർത്തനങ്ങൾക്കും സാധു സംരക്ഷണപ്രവർത്തനങ്ങൾക്കും അതു ഉതകും. നിന്റെ ജീവിതത്തിൽ ശേഷിച്ച കാലയളവെല്ലാം ഈ ധർമ്മം കൊടുക്കൽ നിർവ്വഹിക്കേണ്ടതാണ്. അതു ചെയ്യാതിരുന്നാൽ ദൈവ മുൻപാകെ തെറ്റുകാരനാകും. അവൻ പഠിച്ചതായ യേശുവിന്റെ കല്പനകൾ എല്ലാം പ്രമാണിപ്പാൻ അവൻ ബാദ്ധ്യസ്ഥനാണ് എന്നു മമ്മി ഉത്തേജിപ്പിച്ചു. മലപ്രസംഗത്തിൽ യേശുക്രിസ്തു ഉൾപ്പെടുത്തിയ സാരോപദേശങ്ങൾ എല്ലാം അനുസരിക്കേണ്ടതാണ്. ശത്രുവിനെ സ്നേഹിക്കുക, അയൽക്കാരനെ നിന്നെ പോലെ സ്നേഹിക്കുക, ഒരു മൈൽ നടക്കാൻ ആവശ്യപ്പെട്ടാൽ രണ്ടു മൈൽ നടക്കുക എന്നിവയെല്ലാം അതിൽ ഉൾപ്പെടുന്നു.

ബൈബിൾ വായിച്ച് പഠിക്കുവാനും ആന്റണി തീർച്ചയാക്കി. കാരണം ബൈബിൾ വായിക്കാതെ കർത്താവ് അരുളിച്ചെയ്തതെല്ലാം അറിയാൻ കഴിയുന്നതല്ലല്ലോ. ദൈവത്തിന്റെ ഉപദേശമാണ് എല്ലാവർക്കും അനിവാര്യമായതു. മാനുഷിക ഉപദേശങ്ങൾ ന്യൂനതയുള്ളതും ദൈവം അംഗീകരിക്കാത്തതുമാണ്. സത്യം അറിയുവാൻ മറ്റൊരു വഴിയുമില്ല. ദൈവ വചനം മാത്രമാണ് സത്യമായിട്ടുള്ളത്. ആ സത്യം അറിയാതെ ആർക്കും ആത്മീയ സ്വാതന്ത്ര്യം ലഭ്യമല്ല. അതുകൊണ്ട് ബൈബിൾ പഠനം ഏതൊരു ക്രിസ്ത്യാനിക്കും ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ്. ആഹാരം വളർച്ചക്കും ആരോഗ്യത്തിനും അത്യന്താപേക്ഷിതമെന്നപോലെ ആത്മീക വളർച്ചക്കും ആരോഗ്യത്തിനും ദൈവവചന പഠനം അത്യാവശ്യമാണ്.

"ഞാൻ എടുത്ത തീരുമാനങ്ങൾ എല്ലാം ശരിയായി നടപ്പിൽ വരുത്തുവാൻ എനിക്കു ദൈവത്തിന്റെ സഹായം ആവശ്യമാണ്. അതുകൊണ്ട് ഞാൻ എപ്പോഴും പ്രാർത്ഥിക്കും" ആന്റണി കൂട്ടിച്ചേർത്തു. അതുശരിയാണ്. ശക്തമായ ഒരു ക്രിസ്തീയ ജീവിതം നയിക്കുവാൻ ദൈവത്തിന്റെ തുണ ഇല്ലാതെ പറ്റുകയില്ല. നമ്മുടെ ബലഹീനതകളിൽ നമ്മെ ബലപ്പെടുത്തുന്നത് ദൈവമാണ്. അപേക്ഷിക്കുന്നവരെ ഉപേക്ഷിക്കാത്ത ദൈവമാണ് നമുക്കുള്ളതു. പക്ഷെ അവന്റെ ഇഷ്ടപ്രകാരമായിരിക്കണം എന്നു മാത്രം.

പപ്പാ അവന്റെ അഭിപ്രായത്തോടു യോജിച്ചുകൊണ്ടു പറഞ്ഞു. മറ്റുള്ളവരേക്കാൾ നിന്റെ ജീവിതം പ്രയാസരഹിതമാകുന്നത് എങ്ങനെ എന്നു നിനക്കു തിരിച്ചറിയാം. അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അവരെ തളർത്തി കളയുന്നുവെങ്കിൽ നീ അതു അതിജീവിക്കാൻ ദൈവം നിന്റെ പക്ഷത്തുള്ളതു കൊണ്ട് നിസ്സാരമായി നീങ്ങുന്നു. ദൈനന്തിന ജീവിതത്തിലെ ഏതൊരു ഘട്ടവും നേരിടാൻ തയ്യാറാകണം. ചില ആളുകൾ ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാളിൽ ആരാധനക്കു പോകണോ പോകണ്ടയോ എന്ന ചിന്തയിലാണ്. അപ്പോഴായിരിക്കും അവരെ മഥിക്കുന്ന ചില കാര്യങ്ങൾ ചെയ്യേണ്ടതായി ഓർമ്മയിൽ വരുന്നതു. അപ്പോൾ അതിനായി പോകും. വേറെ ചിലർ ആ സമയത്തു വിനോദപ്രദമായ കാര്യങ്ങളിൽ ഏർപ്പെടുവാൻ താല്പര്യപ്പെടുന്നു. സ്വന്തം മനസ്സിൽ തീരുമാനിച്ച് ഉറപ്പിച്ചതനുസരിച്ചാണ് അവർ പ്രവർത്തിക്കുന്നതു. പക്ഷെ

ഇവിടെ സാത്താനാണ് ജയിക്കുന്നതു. മനസാക്ഷിയെ മലിനപ്പെടുത്തുന്ന ജഡിക പോരാട്ടത്തിന്റെ അന്ത്യത്തെ നാം മുൻപേ അറിഞ്ഞിരിക്കണം. എന്തുകൊണ്ടാണ് ഇവരുടെ മനസാക്ഷി അവരെ കുറ്റപ്പെടുത്തുന്നത്? അവർ ചെയ്യുന്നതു അപരാധമാണെന്ന് അവർക്ക് അറിയാം.

✶

# മാവു കൊണ്ടു മാത്രമുള്ള ഒരു കേക്ക്

## എസ്ഥേറ് ജിൽപിൻ

കഴിഞ്ഞ കാലഘട്ടങ്ങളിലെ അന്ധവിശ്വാസങ്ങളുടെ സമ്മിശ്ര സ്മാരകാവശിഷ്ടമാണ് ബൈബിൾ എന്ന ചിന്താഗതി ചിലരിൽ ഉണ്ട്. തിരുവെഴുത്തിലെ ഏതാനും ഭാഗങ്ങൾ അവർക്കു മനസ്സിലാക്കാൻ പറ്റാത്തതുകൊണ്ടോ, മനസ്സിലാക്കാൻ ശ്രമിക്കാത്തതുകൊണ്ടോ കണ്ണടച്ച് ഒരു തീർപ്പു കല്പിക്കുകയാണ് ഇങ്ങനെ. ഗ്രഹിക്കണമെന്ന ആഗ്രഹത്തോടെ വായിച്ച് മനസ്സിലാക്കാതെ അഭിപ്രായം പറയുന്നവരെ കുറിച്ച് എന്തു പറയാനാണ്? മനുഷ്യനുവേണ്ടി വെളിപ്പെടുത്തിയിട്ടുള്ള ദൈവേഷ്ടമാണ് ബൈബിൾ. അതിനെ മനുഷ്യർ ബഹുമാനിക്കണമെങ്കിലും അതു ഒരു ആരാധ്യ വസ്തുവായി കണക്കാക്കരുത്. മനുഷ്യർ വിചാരിക്കുന്നതുപോലെ നിഗൂഢമായ ഒന്നുമില്ല അതിൽ. ദൈവത്തിന്നു തന്റെ മക്കളോടുള്ള കരുണാധിക്യത്താൽ നല്കിയിട്ടുള്ളതാണിത്. അക്കാരണത്താൽ മനുഷ്യർ ഇതു മനസ്സിലാക്കത്തക്ക രീതിയിലാണ് തന്നിരിക്കുന്നതു; മനസ്സിലാക്കാൻ കഴിയുന്നതുമാണ്. എല്ലാവരും ഒന്നുപോലെ മനസ്സിലാക്കണമെന്നാണ് ദൈവത്തിന്റെ ഇച്ഛ. അല്ലെങ്കിൽ തെറ്റിദ്ധരിക്കപ്പെടും.

മറ്റു സാഹിത്യ കൃതികളെ പോലെ ബൈബിളിനെ കൈകാര്യം ചെയ്യുന്നവരുണ്ട്. ചരിത്രപരമായ സംഭവങ്ങളുടെ വിശദീകരണം വായിക്കുമ്പോൾ നാം ആ പശ്ചാത്തലം കൂടെ അറിഞ്ഞിരിക്കണം. മനുഷ്യരുടെ ശ്രദ്ധ പിടിച്ചു പറ്റുന്ന വാർത്തകൾ പോലെ പ്രാധാന്യ

മുള്ള സംഭവങ്ങളും അതിന്റെ അനന്തര ഫലങ്ങളും വ്യക്തമാക്കുന്നുണ്ട് വേദ പുസ്തകത്തിൽ. ഒരു സാങ്കേതിക സിദ്ധാന്തം വിശദമാക്കുന്ന പടം പോലെ ഓരോ വ്യക്തിയുടേയും പ്രവർത്തനത്തെ പരിശോധിച്ച് കുറവുകൾ കണ്ടെത്താൻ സഹായിക്കുന്ന ഒന്നാണ് തിരുവചനം. ജീവിതത്തെ ആസ്വാദ്യമാക്കുന്നതെന്ത്? കൈപ്പേറിയതാക്കി മാറ്റുന്നതെന്ത്? ഇവയെല്ലാം തരം തിരിച്ച് മനസ്സിലാക്കണമെങ്കിൽ ഈ ഏക പുസ്തകമേ ഉപകരിക്കയുള്ളൂ. വാഹനം ഓടിക്കുന്നവർ സൈഡിൽ കാണിച്ചിരിക്കുന്ന മുന്നറിയിപ്പുകൾ ശ്രദ്ധിച്ചില്ലെങ്കിൽ അപകടം തീർച്ചയാണല്ലോ. അതുപോലെയാണ് ബൈബിളിലെ മുന്നറിയിപ്പുകൾ ശ്രദ്ധിക്കാതെ ജീവിച്ചാൽ എന്തടിസ്ഥാനത്തിന്മേലാണ് പ്രതിപാദിക്കുന്ന സന്ദർഭം എന്നു തിരിച്ചറിയണം. "നിന്റെ വചനത്തിന്റെ സാരം സത്യം ആകുന്നു" (സങ്കീർത്തനങ്ങൾ 119:160). ദൈവം പഠിപ്പിക്കുന്ന എല്ലാ വിഷയങ്ങളുടേയും പൂർണ്ണ രൂപം അഥവാ സകലത്തിന്റേയും സാരം സത്യമാണ്. വിശ്വസിക്കാവുന്ന വസ്തുതകളാണ് ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നതത്രയും.

ദൈവ വചനത്തിൽ ഒരിടത്തും പരസ്പര വിരുദ്ധമായ പ്രസ്താവനകളില്ല. ദൈവത്തിന്റെ അരുളപ്പാടുകളെല്ലാം പരിശോധിക്കുമ്പോൾ അനുസരിക്കുവാൻ കല്പിച്ചിരിക്കുന്ന കല്പനകൾ രണ്ടോ മൂന്നോ ഭാഗങ്ങളിൽ പറഞ്ഞിരിക്കുന്നതു പരിഗണിക്കാവുന്നതാണ്. സന്ദർഭമേതായാലും ശരി ഓരോന്നും അനുസരിച്ചാൽ അതിൽ സൂചിപ്പിച്ചതായ വാഗ്ദാനമോ വാഗ്ദാനങ്ങളോ സ്വായത്തമാക്കാൻ നമുക്കു കഴിയും. ഒരു ഭക്ഷണ പദാർത്ഥത്തിലെ പോഷകാംശങ്ങൾ മുഴുവൻ കിട്ടണമെങ്കിൽ അതിൽ മായം കലരാതെ പൂർണ്ണമായും ഭക്ഷിക്കേണ്ടിയിരിക്കുന്നു. അതുപോലെയാണ് തിരുവചനവും. ഒരു വാഗ്ദാനം ലഭിക്കുവാനായി ദൈവം പറഞ്ഞിട്ടുള്ള കല്പനകൾ എന്തെല്ലാമുണ്ടോ അതെല്ലാം കണ്ടെത്തി അനുസരിച്ചാൽ ഉറപ്പായും ആ വാഗ്ദാനം കിട്ടി എന്നു പറയാം. അതല്ലാതെ ഒന്നുമാത്രം ചെയ്തു കഴിഞ്ഞാൽ എല്ലാ അനുഗ്രഹങ്ങളും കിട്ടും എന്നു വിചാരിക്കരുത്. ദൈവം അതിനായി ആവശ്യപ്പെടുന്നതെല്ലാം അനുഷ്ഠിക്കുവാൻ നാം തയ്യാറാകണം. കാരണം വാഗ്ദത്തം ചെയ്തതു ദൈവമാണ്. ആ ദൈവത്തെ പ്രസാദിപ്പിക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം.

ഞാൻ മുൻപ് സൂചിപ്പിച്ച ഉദാഹരണം ശ്രദ്ധിച്ചാൽ അതിലെ തത്വം ആത്മിയ കാര്യത്തിലും വാസ്തവമാണെന്നു കാണാം. ഒരു കേക്ക് ഉണ്ടാക്കുന്നതിനു പല വസ്തുക്കൾ ആവശ്യമാണ്. അതു പോലെ രക്ഷക്കും പല കാര്യങ്ങൾ നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകണം എന്നു ദൈവം ഇച്ഛിക്കുന്നു. കേക്കുണ്ടാക്കുവാൻ, പാൽ, മുട്ട, മാവ്, വെണ്ണ, പഞ്ചസാര തുടങ്ങി രുചിയും മണവും വരുത്തുന്ന പലതും ശരിയായ അളവിൽ ചേർത്താണ് പാകം ചെയ്യുന്നതും ചേരേണ്ട ചേരുവകകളുടെ ഒരു മിശ്രിതമാണ് പാചകം ചെയ്ത ശേഷം നാം കഴിക്കുന്ന കേക്ക്. അതുപോലെ രക്ഷാ വിഷയത്തിലും ധാരാളം ചേരുവകകൾ ഉണ്ട്. വേദപുസ്തകത്തിൽ അവയെല്ലാം വ്യക്തമാക്കിയിരിക്കുന്നു. വിശ്വാസം മൂലം കൃപയാൽ രക്ഷ പ്രാപിക്കുന്നു (എഫെസ്യർ 2:8). പ്രവൃത്തികളാലും (യാക്കൊബ് 2:24). കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും (റോമർ 10:13). വിശ്വാസത്താൽ (പ്രവൃത്തി 16:31). അനുസരണത്താൽ (എബ്രായർ 5:8-9). മാനസാന്തരത്താൽ (ലൂക്കൊസ് 13:3; പ്രവൃത്തി 2:38). സ്നാനത്താൽ (മർക്കൊസ് 16:16; 1 പത്രൊസ് 3:21). വിശ്വസ്തതയാൽ (മത്തായി 24:13; വെളിപ്പാട് 2:10). ഇവയിൽ ഉൾപ്പെട്ടിട്ടുള്ള ഒന്നും വേർതിരിക്കാവുന്നതല്ല. ആധുനിക ചിന്തയിൽ പോലും കർത്താവിന്റെ രക്ഷാപദ്ധതിയിലെ ചെയ്യേണ്ടതായ കാര്യങ്ങൾക്കു മാറ്റം വരുത്താവുന്നതല്ല.

വിശ്വാസം മാത്രം മതി എന്ന ഉപദേശത്തിൽ സംതൃപ്തരാകുന്ന ധാരാളം ആളുകൾ മത വിഭാഗങ്ങളിൽ കാണാം. പക്ഷെ ശരിയായ ഫലം കിട്ടണമെങ്കിൽ ഒരു പ്രവൃത്തി പൂർത്തിയാക്കുക തന്നെ വേണം. രക്ഷയുടെ ഫലം അന്തിമമായി അനുഭവിക്കാൻ കഴിയണമെങ്കിൽ രക്ഷക്കുള്ള പടികൾ എല്ലാം നാം കയറണം. ഇന്നു നാമധേയ വിഭാഗങ്ങളിൽ ഏതാനും രക്ഷക്കായി വേണ്ട പല കാര്യങ്ങളിൽ ഏതെങ്കിലും ഒന്നോ രണ്ടോ തിരഞ്ഞെടുക്കും അവർക്കു തോന്നുന്നവ മാത്രം. ചേരുവകകളിൽ ഏതെങ്കിലും ഒന്നു കുറഞ്ഞാൽ ഒരു പദാർത്ഥത്തിന്റെ രുചി പൂർണ്ണമാകയില്ല. അതു കഴിക്കുമ്പോൾ ആ വ്യത്യാസം കാണാൻ കഴിയും. അതുപോലെ രക്ഷയുടെ കാര്യത്തിൽ ഏതെങ്കിലും ഒന്നു കുറഞ്ഞാൽ രക്ഷയുടെ ഫലം പൂർണ്ണമായി അനുഭവിക്കാൻ കഴിയുകയില്ല. അനുസരണമില്ലാതെ വിശ്വാസം

ഉണ്ട് എന്നു പറഞ്ഞാൽ ആ വിശ്വാസം കൊണ്ടു എന്താണ് ഫലം? ആത്മാവില്ലാത്ത ശരീരം പോലെയാണ് പ്രവൃത്തിയില്ലാത്ത ശരീരം (യാക്കോബ് 2:14-26).

സ്നാനത്തിന്റെ കാര്യം വരുമ്പോൾ നിഷേധിക്കുന്ന അനവധി പേർ ഉണ്ട്. സ്നാനം രക്ഷക്കു ആവശ്യമില്ല എന്ന ന്യായീകരണമാണ് അവർക്കുള്ളതു. രക്ഷക്കുശേഷം ഒരു ബാഹ്യമായ അടയാളത്തിനായി സ്നാനമേല്ക്കുന്നവരും ഇല്ലാതില്ല. എന്നാൽ പുതിയ നിയമത്തിൽ യേശുക്രിസ്തുവും അപ്പൊസ്തലന്മാരും പഠിപ്പിച്ചിരിക്കുന്ന രക്ഷാപദ്ധതിയിൽ സ്നാനം രക്ഷക്കുള്ളതാണ് എന്നും അരുളിച്ചെയ്തിരിക്കുന്നു. രക്ഷക്കു മുമ്പായി സ്നാനമേല്ക്കുന്നതായി പുതിയ നിയമത്തിൽ അഞ്ചു വേദ ഭാഗങ്ങളിൽ വിവരിച്ചിരിക്കുന്നു. വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും (മർക്കൊസ് 16:16).

★

# വ്യാകുലതയിന്മേൽ വ്യാകുലത

അലെൻ വെബ്സ്റ്റർ

ക്രിസ്ത്യാനികളായിതീർന്നവരും ഈ ക്രമരഹിതമായ അവസ്ഥയിൽ നിന്നും വേർപെട്ടു കാണാത്തതു നിർഭാഗ്യകരമായി സൂചിപ്പിക്കാവുന്നതാണ്. പാറമേൽ കാലുകൾ ഉറപ്പിക്കാത്ത കാലത്തോളം, സഹായം വരുന്ന പർവ്വതത്തിലേക്ക് കണ്ണുകൾ അയക്കാത്തിടത്തോളം, മനസ്സ് ഉയരങ്ങളിലുള്ള കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കാത്ത കാലത്തോളം ആളുകൾ സുരക്ഷിതരല്ല എന്ന തോന്നൽ അവരിൽ വളരും. മിക്കവാറും വിശുദ്ധന്മാർക്ക് അറിയാം അവർ വ്യാകുലപ്പെടേണ്ടതില്ല എന്ന്. വിശുദ്ധന്മാരാവാത്തവർ ആകുലചിന്തയിന്മേൽ ചിന്തിച്ചുകൊണ്ടിരിക്കും. ഉടയവനായ ദൈവത്തിന്റെ മുൻകരുതലോടെയുള്ള മുന്നറിയിപ്പ് ഈ വിഷയത്തിൽ എന്താണ് എന്നു അറിയേണ്ടതാണ്. അതു സ്വീകരിക്കാതെ തരമില്ലല്ലൊ.

ഗിരിപ്രഭാഷണത്തിൽ, ഒരു ക്രിസ്ത്യാനിയും വിചാരപ്പെടലും

എന്ന വിഷയത്തെ കർത്താവ് പരാമർശിച്ച് സംസാരിക്കുന്നുണ്ട് (മത്തായി 6:25-34). നാളെയെ കുറിച്ച്, ആഹാരത്തെ കുറിച്ച്, ജീവനെ കുറിച്ച് വിചാരപ്പെടരുതു എന്നു അവൻ മുന്നറിയിച്ചിട്ടുണ്ട് (6:34, 6:31, 6:25). ഇതിന്റെ അർത്ഥം, നാളെ ചെയ്യുവാനുള്ള കാര്യങ്ങളെ കുറിച്ച് ചിന്തിക്കരുത് എന്നോ, ആഹാരം കഴിക്കുന്നതിനെ കുറിച്ച് ചിന്തിക്കരുത് എന്നോ, പാർപ്പിടം ഒരുക്കരുത് എന്നോ അല്ല. ഇതെല്ലാം ആവശ്യമാണ്. പക്ഷെ ഈ കാര്യങ്ങളെ സംബന്ധിച്ച് നാം ആലോചിച്ച് പ്രവർത്തിക്കണം(1തെസലൊനിക്യർ 3:16, 17; 1 തിമൊഥെയോസ് 5:8). ഇവിടെ പറയുന്ന കാര്യങ്ങളിൽ നാം ആവശ്യത്തിലധികം ചിന്താകുലരാകരുത്. അതിനു കാരണങ്ങൾ അനവധി വേദഭാഗങ്ങളിൽ പറഞ്ഞിട്ടുണ്ട്.

## ക്രിസ്ത്യാനികൾ വിചാരപ്പെടേണ്ടതില്ല

പക്ഷികളെ നോക്കാൻ കർത്താവ് പറയുന്നു. സാമ്പത്തിക ഭാരം നിമിത്തം ഏതെങ്കിലും പക്ഷി ആത്മഹത്യ ചെയ്യുന്നുണ്ടോ? തന്റെ വികാരാധിക്യത്താൽ ഹൃദയം പൊട്ടി ഏതെങ്കിലും പക്ഷി മരിക്കാറുണ്ടോ? ഭാവിയെ കുറിച്ച് ഓർത്തു പക്ഷികൾ നിരാശപ്പെടാറുണ്ടോ? അവയ്ക്കു കളപ്പുരകളില്ല, അടുക്കളയില്ല. എന്നിട്ടും അവ ജീവിക്കുന്നു. കേവലം നിസാരമായ ഈ ജീവി വിചാരപ്പെടാതെ ഇരിക്കയും ദൈവം അവയെ പുലർത്തുകയും ചെയ്യുന്നു എന്നുള്ളതു മനസ്സിലാക്കിയാൽ നമ്മെ പിതാവ് എത്രയധികം പരിപാലിക്കും എന്നോർമ്മിക്കുക.

നാളെയെ കുറിച്ച് വിചാരപ്പെടാതിരിക്കുന്നവരെ ദൈവം ഉപേക്ഷിക്കുമോ? ഒരിക്കലുമില്ല. നമ്മെ സംബന്ധിച്ച് നാം ദൈവത്തിന്റെ ആത്മിയ രൂപത്തിൽ മെനയപ്പെട്ടവരാണ്. പിതാവിന്റെ ആത്മാവിനെ നമ്മിൽ തന്നിരിക്കയാണ്. (ഉല്പത്തി 1; 26-27; എബ്രായർ 2:9). പക്ഷികളെ അങ്ങനെയല്ല ഉണ്ടാക്കിയത്. പക്ഷികളും മറ്റെല്ലാം മനുഷ്യന്റെ ഉപയോഗത്തിനുവേണ്ടി സൃഷ്ടിച്ചതാണ് അപ്പോൾ അത്തരം സൃഷ്ടികളെ ദൈവം കരുതുന്നു എങ്കിൽ നമ്മെ എത്രയധികം എന്നതാണ് ചോദ്യം (മത്തായി 10:29-31; റോമർ 8:32).

നീളത്തെ കുറിച്ച് മനസ്സിലാക്കിയാൽ നാം വിചാരപ്പെടുകയില്ല (മത്തായി 6:27). ഉയരം കുറഞ്ഞ ആരെങ്കിലും ഉയരം കൂടിയവനായി തീരാൻ വ്യാകുലപ്പെട്ടതു കേട്ടിട്ടുണ്ടോ? അങ്ങനെ വിചാരപ്പെട്ടതു

കൊണ്ടു ആരുടെയെങ്കിലും നീളം കൂടിയതായി പറയപ്പെട്ടിട്ടുണ്ടോ? ഇല്ല; വിചാരപ്പെടുന്നതു പ്രയോജന രഹിതമാണ്. യേശു നമ്മെ പഠിപ്പിക്കുന്നു വിചാരപ്പെട്ടതുകൊണ്ടു ആർക്കും തന്റെ നീളം ഒരു മുഴം കൂട്ടാനോ കുറക്കാനോ സാദ്ധ്യമല്ല. അതുകൊണ്ട് വിചാരപ്പെട്ടാൽ ആഹാരം പാചകം ചെയ്യുമോ? വിചാരം കൊണ്ടു മല കയറാമോ, രോഗം ഭേദമാക്കാമോ? വിചാരപ്പെട്ടതുകൊണ്ടു കടം തീർക്കാമോ? വിചാരപ്പെട്ടതുകൊണ്ട് നിങ്ങളുടെ കണ്ണുനീർ ഉണക്കാമോ? ഒരു ഗുണവും കിട്ടുന്നതല്ല വിചാരപ്പെട്ടാൽ. കസേര ഇരുന്നു കറങ്ങിയാൽ അതു നിങ്ങളെ എവിടെയും എത്തിക്കുന്നില്ല.

കൂടുതൽ ചിന്താകുലരാകുന്നവർ തങ്ങളുടെ ആയുസ്സിനെ കുറക്കുകയാണ് ചെയ്യുന്നതു. കണ്ടുപിടുത്തങ്ങൾ തെളിയിച്ചിട്ടുള്ളതു ഇന്നുള്ള മനുഷ്യരോഗങ്ങളിൽ ഇരുപതു ശതമാനത്തോളം മനസ്സിന്റെ തകർച്ചയും വൈകാരികാധിക്യം കൊണ്ടും ഉള്ളതാണ്. ഉറച്ച മനസ്സിന്റെ ഉടമക്കു മാത്രമെ ഉറച്ച ശരീരം ഉണ്ടാകയുള്ളൂ. താങ്ങാവുന്നതിൽ അധികമായി മനസ്സിനെയും ഹൃദയത്തെയും ഭാരപ്പെടുത്തിയാൽ അതിന്റെ ലക്ഷണങ്ങൾ ശരീരത്തിൽ കാണാം. അതു കൊണ്ടു നമ്മുടെ ചിന്തകൾ ആധിയോ വ്യാധിയോ ആകാതിരിപ്പാൻ നാം ഓരോരുത്തരും ശ്രദ്ധിക്കണം. ഇന്ദ്രിയജയമാണ് ഇതിനാവശ്യം.

ഏതാനും ഹൃദ്രോഗങ്ങൾ, രക്ത സമ്മർദ്ദം, വയറുസംബന്ധമായ രോഗങ്ങൾ, കുടൽരോഗങ്ങൾ എന്നിവ വിചാരാധിക്യം കൊണ്ടുണ്ടാകുന്നവയാണ്. കഠിനാദ്ധ്വാനം കൊണ്ടു ആരും മരിച്ചതായി എനിക്കറിയില്ല. എന്നാൽ സംശയാലുവായിരുന്ന ഒരാൾ അതു നിമിത്തം മരിച്ചതായി അറിയാം. ഭാര്യയിൽ സംശയം വെച്ചുകൊണ്ടിരുന്നു അവസാനം അയാൾ ആത്മഹത്യ ചെയ്തു. വിചാരം കൊണ്ടു ആളുകൾ ജീവിതത്തെയാണ് പന്താടുന്നതു. ആത്മാവിന്റെ മന്ദിരമായ ശരീരത്തെ നശിപ്പിക്കുന്ന അമിത വ്യാകുലത്തെ ഒഴിവാക്കുന്നതാണ് ഉത്തമം.

കഴിഞ്ഞുപോയ സംഭവങ്ങളെ കുറിച്ച് വിചാരപ്പെടുന്നവരുണ്ട്. മുട്ട ഉടച്ചു കഴിഞ്ഞാൽ പിന്നെ തിരിച്ച് അതേ രൂപത്തിൽ ആക്കുക പ്രയാസം. പോയ വെള്ളം ആന പിടിച്ച് വലിച്ചാൽ കിട്ടുകയില്ല എന്നു പറയുന്നതു കേട്ടിട്ടില്ലേ? ഭൂരിഭാഗം ചിന്താകുലങ്ങളും പുനരവലോകനമാണ് എന്നു പറയാറുണ്ട്. പിന്നിലുള്ളതു മറന്നു മുമ്പിലുള്ള

തിനെ ആഞ്ഞുകൊണ്ടായിരിക്കണം നാം ജീവിക്കുവാൻ (ഫിലിപ്പിയർ 3:13-14). പാപം സംഭവിച്ചിട്ടുണ്ടെങ്കിൽ ക്രിസ്തുവിന്റെ രക്തത്താൽ കഴുകി കളയണം (പ്രവൃത്തി 22:16).

സംഭവിക്കണം എന്ന വിചാരം. ലോകം മുഴുവൻ വിചാരിച്ചാലും ചില കാര്യങ്ങളെ മാറ്റുവാൻ ആർക്കും കഴിയുകയില്ല. അവ എങ്ങനെയായാലും സംഭവിക്കുക തന്നെ ചെയ്യും. അതുകൊണ്ടു വിചാരപ്പെടാതെ അതിനുവേണ്ടി ഒരുങ്ങുകയാണ് ചെയ്യേണ്ടത് (ഫിലിപ്പിയർ 1:22).

ഒരിക്കലും സംഭവിക്കാത്തതിനെ കുറിച്ച് വിചാരപ്പെടുന്നവരുണ്ട്. ഒരിക്കലും സംഭവിക്കാനിടയില്ലാത്ത കാര്യങ്ങളെ കുറിച്ചാണ് എൺപത്തിയഞ്ചു ശതമാനം ആളുകളുടേയും വ്യാകുലത. പിന്നെന്തിനാണ് ഈ സമയം പാഴാക്കുന്നത് (എഫെസ്യർ 5:16)? സമയം പ്രവൃത്തിക്കായി നീക്കിവെക്കുക. ഉറുമ്പ് ചിന്തിച്ചു സമയം കളയാതെ ഭാവിക്കുവേണ്ടി അദ്ധ്വാനിക്കുന്നു. ആ ഉറുമ്പിനെ നോക്കി ബുദ്ധി പഠിക്കുക.

സ്വർഗ്ഗസ്ഥനായ പിതാവു നമുക്കുള്ളതുകൊണ്ടു വിചാരപ്പെടേണ്ടതില്ല. എന്നെ കുറിച്ചു കരുതുന്ന ദൈവത്തിൽ എനിക്ക് ആശ്രയം കുറവായതുകൊണ്ടാണ് ഞാൻ വിചാരപ്പെടുന്നതു. ശരിയായ, ജീവനുള്ള, പ്രതികരണശേഷിയുള്ള ദൈവത്തിങ്കലേക്കു തിരിഞ്ഞ് പൂർണ്ണാശ്രയം വെക്കുകയാണ് ശരിയായ മാർഗ്ഗം (ഫിലിപ്പിയർ 4:6-7).

മനുഷ്യർ വിചാരപ്പെടുന്നതു വിശ്വാസ കുറവു കൊണ്ടാണ്. ദൈവം മനുഷ്യരിൽ നിന്നാഗ്രഹിക്കുന്നതു വിശ്വാസമാണ്. വിചാരപ്പെടുന്നതുകൊണ്ട് നമുക്ക് കാര്യങ്ങൾക്കു വ്യത്യാസം വരുത്തുവാൻ സാധ്യമല്ല. കാര്യങ്ങൾ ദൈവത്തിൽ ഭരമേല്പിച്ച് ക്രിയാത്മകമായി ചിന്തിച്ച് പ്രവർത്തിക്കയാണ് വേണ്ടത്. അതിന് ഓരോരുത്തരും അവനവന്റെ മനസ്സിൽ തീരുമാനിച്ചുറക്കണം. ദൈവവുമായുള്ള ബന്ധത്തിൽ മാത്രമേ മനുഷ്യന്റെ ആകുലതയ്ക്കു പരിഹാരമുള്ളു. അതിനു പകരമായി മറ്റെന്തു ചെയ്താലും ആകുലത ആധിയായി മാറും, ആധി വ്യാധിയായി മാറും എന്ന ബോധ്യം ഇക്കൂട്ടരിൽ ഉണ്ടാകണം.

## വാർത്തകൾ

### 80 പേർക്കു പരുക്ക്; മാലെഗാവിൽ മാത്രം 5 മരണം

മഹാരാഷ്ട്രയിലെ മാലെഗാവിലും ഗുജറാത്തിലെ സബർകാന്തയിലെ മൊദാസ്സ പട്ടണത്തിലും ഇന്നലെ രാത്രി നടന്ന ബോംബ് സ്ഫോടനങ്ങളിൽ ഏഴുപേർ മരിച്ചു. 80 പേർക്ക് പരുക്കേറ്റിട്ടുണ്ട്. മാലെഗാവിൽ നടന്ന നാടൻ ബോംബ് സ്ഫോടനത്തിൽ അഞ്ചു പേർ മരിച്ചു. ഗുജറാത്തിലെ മൊദാസ്സ പട്ടണത്തിൽ പതിനഞ്ചുകാരൻ ഉൾപ്പെടെ രണ്ടുപേരാണ് കൊല്ലപ്പെട്ടത്.

മാലെഗാവിൽ തിരക്കേറിയ ഭിക്കു ചൗക്കിലെ ഹോട്ടലിലാണു സ്ഫോടനം. വർഗ്ഗീയ സംഘർഷ സാധ്യതയുള്ള പ്രദേശമാണിത്. തുടർന്ന് അക്രമാസക്തരായ ജനക്കൂട്ടം നടത്തിയ കല്ലേറിൽ ആറു പോലീസുകാർ ഉൾപ്പെടെ എട്ടുപേർക്കു പരുക്കേറ്റു. പ്രദേശത്ത് നിരോധനാജ്ഞ പുറപ്പെടുവിച്ചിട്ടുണ്ട്.

★

### പാൽ വില ഒരു രൂപ കൂട്ടുന്നു

പാൽ വില വീണ്ടും കൂട്ടും. ലിറ്ററിന് ഒരു രൂപ വർധിച്ച് 20 രൂപയാകും. ഓട്ടോ-ടാക്സി നിരക്കുകളും വർധിക്കും. രണ്ടു നിരക്കുകളും കൂട്ടാൻ അനുമതി നൽകിയെങ്കിലും അക്കാര്യം എൽഡിഎഫ് കൺവീനർ പുറത്തുപറയാൻ മടിച്ചു. പ്രഖ്യാപനം സർക്കാരിന്റേതായി മതി എന്ന ധാരണയാണ് എൽഡിഎഫ് യോഗം കൈക്കൊണ്ടത്.

എൽഡിഎഫ് സർക്കാർ അധികാരമേറിയശേഷം ഇതു നാലാം തവണയാണു പാൽ വില കൂട്ടുന്നത്. തുടക്കത്തിൽ 15 രൂപയായിരുന്നതാണ് ഇപ്പോൾ 20 ആയി വർധിക്കുന്നത്. ഒരു രൂപ കൂടുന്നതോടെ നീലക്കവറിലും മഞ്ഞക്കവറിലുമുള്ള ടോൺഡ്-ഡബിൾ ടോൺഡ് പാൽ ലിറ്ററിന് 20 രൂപയാകും.

ചുവന്ന കവറിലുള്ള ജഴ്സി പാലിന് 22 രൂപയാകും പച്ചകവറിലെ റിച്ച് പാലിന് 23 രൂപയായും വില കൂടും.

★

## നദിയിൽ ചാടിയ വിദ്യാർഥിയുടെ ജഡം കണ്ടെത്തി

ദേശീയ പാതയിൽ പൂവൻപാറ പാലത്തിൽ നിന്നു വാമനപുരം നദിയിലേക്കു ചാടിയ ബാലന്റെ ജഡം കണ്ടെത്തി. നഗരൂർ ചെമ്മരത്തുംമുക്ക് ഐശ്വര്യയിൽ ബാലകൃഷ്ണൻ ആശാരിയുടെ മകൻ സിനോജി (15)ന്റേതാണു മൃതദേഹമെന്നു തിരിച്ചറിഞ്ഞു.

കിളിമാനൂർ ആർആർവി സെൻട്രൽ സ്കൂൾ പത്താം ക്ലാസ് വിദ്യാർത്ഥിയായിരുന്നു. കഴിഞ്ഞ ശനിയാഴ്ച്ച ഉച്ചയ്ക്കു വിദ്യാർത്ഥിയെപ്പോലെ തോന്നിക്കുന്നയാൾ പാലത്തിൽ നിന്നു നദിയിലേക്കു ചാടുന്നതാണു നാട്ടുകാർ കാണുന്നത്. ഇയാൾക്കായി കഴിഞ്ഞ രണ്ടുദിവസങ്ങളിലും പോലീസും ഫയർഫോഴ്സും തിരച്ചിൽ നടത്തിയിരുന്നെങ്കിലും മൃതദേഹം കണ്ടെത്താനായിരുന്നില്ല.

★

## സമരം നിർബന്ധിത ഗ്രാമീണ സേവനം നടത്തണമെന്ന വ്യവസ്ഥയ്ക്കെതിരെ

മെഡിക്കൽ ബിരുദ പഠനത്തിനുശേഷം നിർബന്ധിത ഗ്രാമീണ സേവനം നടത്തണമെന്ന സർക്കാരിന്റെ കർശന വ്യവസ്ഥയ്ക്കെതിരെ ഹൗസ് സർജന്മാരും മെഡിക്കൽ പിജി വിദ്യാർത്ഥികളും സമരത്തിലേക്ക്.

★

## കടലാസ് പൊതി ഭീതി പരത്തി

വലിയതുറ എഫ്സിഐ ഗോഡൗണിനു സമീപം

ബോംബിന്റെ രൂപത്തിൽ കണ്ടെത്തിയ കടലാസ് പൊതി ഭീതി പരത്തി. ഇന്നലെ വൈകിട്ട് ആറു മണിയോടെയാണു പൊതി കണ്ടെത്തിയത്.

ഗോഡൗണിനു സമീപം കോൺഗ്രസ് നേതാക്കളായ വി.എം. സുധീരൻ, തലേക്കുന്നിൽ ബഷീർ, വി.എസ്. ശിവകുമാർ എന്നിവർ പങ്കെടുക്കുന്ന റമസാൻ റിലീഫ് ക്യാംപും സംഘടിപ്പിച്ചിരുന്നു.

✵

## ഇന്നു മുതൽ വിശാലമായ മാനവിക മൂല്യങ്ങളുടെ നാമധേയം

പ്രശസ്തമായ മാർ ഇവാനിയോസ് കോളജ് ക്യാംപസ് ഇന്നു മുതൽ വിശാലമായ മാനവിക മൂല്യങ്ങളുടെ നാമധേയം സ്വീകരിക്കുന്നു. 'മാർ ഇവാനിയോസ് വിദ്യാനഗർ' എന്നായിരിക്കും ഇനി ക്യാംപസ് അറിയപ്പെടുക. മാർ ഇവാനിയോസ് കോളജ് ഉൾപ്പെടെ 17 വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന ക്യാംപസ് ഇനി കൂടുതൽ ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിന്റെയും നന്മ നിറഞ്ഞ സംസ്കാരത്തിന്റേയും പുത്തൻ വിളക്കുമരമായി ചരിത്രത്തിൽ ഇടം നേടും.

✵

## മതത്തിന്റെ പേരിലുള്ള അക്രമം അരുത്: മതനേതാക്കൾ

മതത്തിന്റെ പേരിലുള്ള അക്രമങ്ങൾ പ്രോത്സാഹിപ്പിക്കുന്നവരെ ചെറുക്കാൻ ഒരുമിച്ചു നിൽക്കുമെന്നു ഹൈന്ദവ-ക്രൈസ്തവ മതനേതാക്കൾ. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന അനിഷ്ട സംഭവങ്ങൾ വ്യാപിക്കാതിരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ചർച്ചയിലാണു മതനേതാക്കൾ ഈ നിലപാടെടുത്തത്.

✵

കാണുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കാണുക!

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

**Hindi** Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019

**Malayalam** Friday 3.45-4.00 P.M.
Speaker: P.K. Varghese, **Church of christ**
Thampuranmukku, Trivandrum-35
Sathyanadam TV Program on every Saturday at 6 a.m. in Jaihind TV.

**Tamil** Mondays, Tuesdays, Thursdays,
Fridays 5.30 P.M. to 5.45 P.M.
Speaker: P.R. Swamy, Box 8405
Bangalore-560084

**Telugu** Sundays, Mondays, Wednesdays,
Thursdays, 2.00 P.M-2.15 P.M. Speaker,
Joshua Gootam, Box-80, Kakinada- 533001

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S Tvm on 23/24 October**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/06-08
Licensed to post without prepayment No. Tech/62-2 TV(N) 40/2008

*Join us to worship God in Spirit and Truth*
*The*

Meets at T.C. 27/225
Thampuranmukku, Trivandrum-35
**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378